KARIKKAMPALLY
SZ 214

# മാർത്തോമ്മായുടെ നിയമവും

## മാർത്തോമ്മാ നസ്രാണി കത്തോലിക്കാ സമുദായത്തിന്റെ

# നിഷ്കോളണീകരണവും

ഡോ. സ്കറിയാ സക്കറിയാ

ഇൻഡ്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്
പ്രസിദ്ധീകരണം

മേയ് 1993

Malayalam
MARTHOMMAYUDE NIYAMAVUM
MARTHOMA NAZRANI CATHOLICA SAMUHATHINTE
NISH COLONEEKARANAVUM

(Monograph)

Author: Dr. Scaria Zacharia

Publishers: Indian Institute of Christian Studies
Hosanna Nagar
P. B. No. 31, Pala
Kerala, India

First Print, May 1 1993

Copies 2000

Price Rs. 3

Printed at
Word Printers, Pala

# അവതാരിക

ഇന്ന് കേരള നസ്രാണി കത്തോലിക്കാസഭ കടുത്ത പരിപ്രേക്ഷ്യ പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. ഏതു സമൂഹവും അതിൻെറ വ്യക്തിത്വം പുനഃസ്ഥാപിക്കുന്നതിനു ശ്രമിക്കുമ്പോൾ ഇത്തരം ഈറ്റു നോവുകൾ അനുഭവിക്കാറുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിൽ താർക്കികമായി ഉദ്ദർശനം ചെയ്ത സഭാവ്യവസ്ഥ പഴമയിൽനിന്നും പുതുമയിലേക്ക് എന്നതാണ്. കാലത്തിനോ വ്യക്തികൾക്കോ സാഹചര്യങ്ങൾക്കോ അടിമപ്പെട്ട് ഓരോ സഭയ്ക്കും നഷ്ടപ്പെട്ട പൗരാണിക പാരമ്പര്യങ്ങളെ പരതി കണ്ടുപിടിച്ച്, അവയെ കാലഘട്ടത്തിനാവശ്യമാംവിധം വെട്ടിയൊരുക്കി സമ്പന്നമാക്കാൻ വത്തിക്കാൻ കൗൺസിൽ ആവശ്യപ്പെട്ടു. ഈ പ്രക്രിയ അതത് സഭകൾതന്നെ നടത്തണമെന്നാണ് കൗൺസിൽ ആവശ്യപ്പെടുന്നത്. (ഡിക്രിയിലെ കൈയുന്നൽ നോക്കുക: They themselves are to carry out ...... they are to aim ..... they are to strive).

കൗൺസിലിൻെറ ഈ പ്രമാണം ലംഘിച്ചുകൊണ്ട് പൗരസ്ത്യ തിരുസംഘം ഈ സഭയുടെമേൽ ഏകപക്ഷീയമായി അടിച്ചേല്പ്പിച്ച കുർബ്ബാനക്രമവും കൽദായ പൈതൃകവുമാണ് സഭയിൽ ആശയസംഘർഷം ഉളവാക്കിയത്. ഈ സഭയുടെമേൽ വിദേശസഭകൾ അവരുടെ വീക്ഷണഭേദങ്ങൾ എപ്പോഴെല്ലാം അടിച്ചേൽപ്പിച്ചിട്ടുണ്ടോ അപ്പോഴെല്ലാം സഭയ്ക്കുള്ളിൽ സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്. പോർട്ടുഗീസ് പദ്രുവാദോ കേരളസഭയുടെമേൽ പാശ്ചാത്യ കാനോൻ നിയമം അടിച്ചേൽപ്പിച്ച സംഭവമാണ് നമ്മെ കൂനൻകുരിശിലേക്ക് നയിച്ചത്(1653). പദ്രുവാദോയെ തുടർന്ന് എത്തിയ പ്രൊപ്പഗാൻഡാ വീണ്ടും ഈ സഭയുടെ തനിമയുടെമേൽ കൈയേറ്റം നടത്തിയപ്പോൾ ഉണ്ടായ സംഘർഷ ത്തിൻെറ ഫലമായിരുന്നു ഇടപ്പള്ളി യോഗം(1772). അന്നും ഈ സഭയ്ക്ക് അവളുടെ പൂർവ്വകാലത്തനിമയിലേക്ക് തിരിച്ചുപോകാൻ കഴിഞ്ഞില്ല. കരിയാറ്റിക്ക് പദ്രുവാദോയെ വീണ്ടും ആശ്രയിക്കേണ്ടിവന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ, പ്രതിഭാസമ്പന്നനും സമുദായ സ്നേഹിയുമായ നിധീരിക്കൽ മാണിക്കത്തനാരും ദൈവജനവും ചേർന്ന് ആരംഭിച്ച സ്വദേശിപ്രസ്ഥാനം ഈ സഭയ്ക്ക് സ്വദേശമെത്രാന്മാരെ നേടിയെടുക്കുന്നതിൽ വിജയിച്ചു. എന്നാൽ പദ്രുവാദോയും പ്രൊപ്പഗാൻഡായും ഈ സഭയുടെമേൽ അധികാരം അരക്കിട്ട് ഉറപ്പിക്കാൻ ഉപയോഗിച്ച പാശ്ചാത്യ കാനോൻ നിയമത്തിൻെറ ബന്ധന ത്തിൽനിന്നും സഭയെ മോചിപ്പിക്കാൻ ആ നീക്കവും സഹായകമായില്ല.

ഈ സഭ അനുഭവിക്കുന്ന അടിമത്തത്തിന് ഉപരിപ്ലവബുദ്ധികൾ കണ്ടുപിടിച്ച കാരണം ലത്തീനീകരണമായിരുന്നു. ഈ ലത്തീനീകരണത്തിൻെറ അടിസ്ഥാന സ്വഭാവം പാശ്ചാത്യസഭയുടെ സഭാഘടനാദർശനത്തിൽനിന്നും

ഉരുത്തിരിഞ്ഞതാണെന്നുള്ള യാഥാർത്ഥ്യം പല പണ്ഡിതന്മാരും കണ്ടെത്തിയില്ല. അവർ രോഗത്തിനുള്ള ചികിത്സാവിധികളല്ലാ; മറിച്ച് രോഗലക്ഷണത്തിനുള്ള ചികിത്സാവിധികളാണ് കുറിച്ചിട്ടത്. നമ്മുടെ ആരാധനക്രമവും ദൈവശാസ്ത്രവും വികലമായിത്തീർന്നതിൻെറ കാരണം പാശ്ചാത്യസഭാഘടനാ ശാസ്ത്രമനുസരിച്ച് ഇവിടെ രൂപം നൽകിയ രാജകീയ മെത്രാൻ സ്ഥാനവും അധികാര സമ്പ്രദായവുമാണ്.

ഭാരതസഭയ്ക്ക് അവളുടെ തനിമയാർന്ന സഭാഘടനാശാസ്ത്രമുണ്ടായിരുന്നു. ഈ സഭാഘടനാസിദ്ധാന്തത്തെ നിലനിർത്തുന്നതിനായിരുന്നു നൂറ്റാണ്ടുകളായി നമ്മുടെ പൂർവ്വികർ സമരം നടത്തിയത്. ആ സഭാഘടനാസിദ്ധാന്തത്തെയാണ് "മാർത്തോമ്മായുടെ നിയമം" എന്ന് വ്യവഹരിക്കുന്നത്. ആദ്യത്തെ സൂനഹദോസിൽ അപ്പൊസ്തലന്മാർ അംഗീകരിച്ചിരുന്ന ഈ സഭാഘടനാശാസ്ത്രം (അപ്പ. പ്രവൃ. 6;1-4)മാർത്തോമ്മാശ്ലീഹാ ഭാരതസഭയ്ക്ക് നൽകുകയും പതിനാറു നൂറ്റാണ്ടുകാലം അവളത് അഭംഗുരം കാത്തുസൂക്ഷിക്കുകയും ചെയ്തു. നമ്മുടെ പാരമ്പര്യത്തിൻെറ കാച്ചിക്കുറുക്കിയ സത്താണ് 'മാർത്തോമ്മായുടെ നിയമം'.

സഭയിൽ ഇന്ന് നിലവിലുള്ള പരിപ്രേക്ഷ്യപ്രതിസന്ധി പരിഹരിക്കപ്പെടണമെങ്കിൽ, സഭാസ്നേഹികൾ തങ്ങളുടെ വ്യക്തിപരവും പ്രാദേശികവുമായ സങ്കുചിത താൽപര്യങ്ങൾക്ക് അതീതമായി, ഈ പ്രതിസന്ധിയെക്കുറിച്ച് ഒരു തുറന്ന സംവാദത്തിലേർപ്പെടേണ്ടിയിരിക്കുന്നു. ഇന്നിൻെറ ആവശ്യം പ്രശ്നങ്ങളിൽനിന്നുള്ള ഒഴിഞ്ഞുമാറലല്ല. മറിച്ച്, അവയെ വിവേകപൂർവ്വം അഭിമുഖീകരിച്ച് പരിഹാരം കാണുക എന്നതാണ്. ചിന്തിക്കുന്നവരായ സഭാംഗങ്ങൾ അവരുടെ വീക്ഷണങ്ങൾ സഭയ്ക്കു മുമ്പിൽ അവതരിപ്പിക്കാൻ സന്നദ്ധരാകണം. പ്രശ്നങ്ങളോട് ഉപരിപ്ലവവും വൈകാരികവും ആയ പ്രതികരണമല്ല അതലസ്പർശിയും യുക്തിഭദ്രവുമായ സമീപനമാണ് ഇന്നിൻെറ ആവശ്യം.

ഡോ. സ്കറിയാ സക്കറിയായുടെ "മാർത്തോമ്മായുടെ നിയമവും നിഷ്കൊളോണിയലിസവും" എന്ന പ്രബന്ധം ഈ പശ്ചാത്തലത്തിൽ പ്രാധാന്യമർഹിക്കുന്നു. ഈ പ്രബന്ധം സഭാസ്നേഹികൾ ആഴത്തിൽ പഠിക്കുമെന്നും സൂക്ഷ്മവിചിന്തനത്തിന് വിധേയമാക്കുമെന്നും വിശ്വസിക്കുന്നു.

**ജോസഫ് പുലിക്കുന്നേൽ,**
ഡയറക്ടർ,
ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ്
ക്രിസ്ത്യൻ സ്റ്റഡീസ്.

പാലാ
1-5-93

# മാർത്തോമ്മായുടെ നിയമവും
## മാർത്തോമ്മാ നസ്രാണി കത്തോലിക്കാ സമുദായത്തിൻെറ
## നിഷ്കോളണീകരണവും

കേരളത്തിലെ മാർത്തോമ്മാ നസ്രാണി കത്തോലിക്കാ സമുദായവും നമ്മുടെ മാതൃരാജ്യവും ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ താരതമ്യ പഠനത്തിനു വകയുള്ളതാണ്. ഭാരതജനതയും നസ്രാണി സമുദായവും ചരിത്രത്തോടാണ് ഇപ്പോൾ ഏററുമുട്ടുന്നത്. എല്ലാവരും ചരിത്രം പറയുന്നു; ചരിത്രത്തിലെ വില്ലൻ വിദേശമേൽക്കോയ്മയാണ്; വിദേശമേൽക്കോയ്മകളുടെ പട്ടിക എത്രത്തോളം ദീർഘിപ്പിക്കണം എന്ന കാര്യത്തിലാണ് തർക്കത്തിൻെറ കുരുക്കുകൾ. മുസ്ലിംആക്രമണകാരികൾ മുതലുള്ള മേൽക്കോയ്മകളുടെ കഥ മതി എന്ന് ഒരു കൂട്ടർ. അതല്ല ദ്രാവിഡരെ ചവുട്ടിമെതിച്ചുകടന്നുവന്ന ആര്യന്മാർവരെ കൊളോണിയലിസത്തിൻെറ കഥ നീട്ടിപ്പറയണമെന്നു മററു ചിലർ. ബ്രിട്ടീഷുകാർ മേൽക്കോയ്മ നടത്തിയ കൊള്ളരുതാത്തവരാണെന്ന കാര്യത്തിൽ ദേശീയവാദികൾക്കെല്ലാം അഭിപ്രായ ഐക്യമുണ്ട്. നസ്രാണി സമുദായത്തിൻെറ കാര്യത്തിലാകുമ്പോൾ പോർത്തുഗീസുകാരുടെ കാലം മുതലുണ്ടായ പാശ്ചാത്യമേൽക്കോയ്മ തള്ളിപ്പറയുന്നതിലും ലത്തീൻഭരണത്തെ ഇകഴ്ത്തുന്നതിലും ചിലർ ഒററക്കെട്ടാണ്. ലത്തീൻ മേഖലകളിലേക്കു പടർന്നുകയറണം എന്ന കാര്യത്തിലും നസ്രാണികത്തോലിക്കർതമ്മിൽ വഴക്കില്ല. പോർത്തുഗീസുകാരുടെ കാലത്തിനു മുമ്പുള്ള പേർഷ്യൻബന്ധത്തെക്കുറിച്ചു ചർച്ച തുടങ്ങുമ്പോൾ നാം തർക്കഭൂമിയിൽ എത്തുന്നു. പോർത്തുഗീസുകാരുടെ കാലത്തിനു മുമ്പുണ്ടായിരുന്നതു 'പറുദീസ അനുഭവ'മായിരുന്നെന്നും അവിടന്നിങ്ങോട്ടുള്ളതു 'പറുദീസ നഷ്ട'ത്തിൻെറ മാത്രം ചരിത്രമാണെന്നും പൗരസ്ത്യവാദികൾ കരുതുന്നു. ബ്രിട്ടീഷുകാരുടെ കാലത്തിനു തൊട്ടുമുമ്പ് ഉണ്ടായിരുന്നത് ഇന്ത്യൻ സംസ്കാരത്തിൻെറ പൂർണ്ണവികാസം എന്നു കരുതുന്ന ദേശീയവാദികൾ ഒട്ടും കുറവല്ലല്ലോ. അതുതന്നെ നസ്രാണി സമുദായത്തിലെ തീവ്രപൗരസ്ത്യവാദത്തിൻെറ സ്വഭാവം. പോർത്തുഗീസുകാർക്കു മുമ്പുണ്ടായിരുന്നത് പേർഷ്യൻ മതകൊളോണിയലിസമായിരുന്നെന്നും മെത്രാനുമാത്രം അനുഷ്ഠിക്കാവുന്ന മതകർമ്മങ്ങൾ കൈയടക്കിവച്ചുകൊണ്ട് കേരളനസ്രാണി സമുദായത്തിൻെറമേൽ പിൻവാതിലിലൂടെ അധികാരക്കുത്തക ഉറപ്പിച്ചു നിറുത്തിയവരാണ് പേർഷ്യൻ മെത്രാന്മാർ എന്നും വാദമുണ്ട്. ആഘോഷമായ റാസ, മാമ്മോദീസ, ദേവാലയപ്രതിഷ്ഠ, പുരോഹിതാഭിഷേകം തുടങ്ങിയ കാര്യങ്ങളിലുള്ള കുത്തകവഴി നസ്രാണിസമുദായത്തിൻെറ അധികാരഘടനയിൽ പേർഷ്യൻ മെത്രാൻമാർ സാരമായ സ്വാധീനം ചെലുത്തിയിരുന്നു എന്ന ചരിത്രവസ്തുത ഈ വാദത്തിന് അനുകൂലമാണ്. ദേവാലയഭാഷയായി സുറിയാനി കടന്നുവന്നതും സാംസ്കാരികകൊളോണിയലിസത്തിൻെറ ഭാഗമായിട്ടാകാം. മുസ്ലിം ആക്രമണകാരികളോടു തീവ്രദേശീയവാദികൾക്കു തോന്നുന്നത് ഇതേ മട്ടിലുള്ള വികാരങ്ങളാണ്. പേർഷ്യനും അറബിയും സർവോപരി ഉറുദുവും വിദേശ ആക്രമണകാരിയുടെ മലിനീകരണങ്ങളായി

അവർ കണക്കാക്കുന്നു. പേർഷ്യൻ ക്രൈസ്തവരുടെ കാലത്തിനും മുമ്പുണ്ടായിരുന്ന കേരളീയത്തനിമയിലേക്കു നസ്രാണികൾ മടങ്ങിപ്പോകണം എന്നാണ് മൗലികവാദികളുടെ നിലപാട്. അത് എന്തായിരുന്നു എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകാൻ കഴിയുന്നില്ല എന്ന് അറിഞ്ഞുകൊണ്ടുതന്നെ ചിലർ ഈ കാഴ്ചപ്പാട് അവലംബിക്കുന്നു. ചിരപുരാതനവും അവികലവുമായ ഭാരതീയതയിലേക്ക് മടങ്ങിപ്പോകുന്നതാണ് ദേശീയത എന്ന നിലപാട് ഇവിടെ അനുസ്മരിക്കുക (1). അതീവ കൗതുകകരമാണ്, സാമുദായിക ജീവിതത്തിലും രാഷ്ട്രീയജീവിതത്തിലുമുള്ള സമകാലീന സമാന്തരങ്ങൾ. എങ്കിലും സമാന്തരങ്ങളിലൂടെ ഈ ആമുഖം ഇനിയങ്ങോട്ടു ദീർഘിപ്പിക്കുന്നില്ല. ശേഷം വായനക്കാരുടെ ഭാവനയ്ക്കു വിടുന്നു.

## ചരിത്രം എന്തിന്, എങ്ങനെ?

നമുക്ക് ചരിത്രത്തിൽനിന്ന് ഓടി രക്ഷപ്പെടാനാകുമോ? ദേശത്തിൻെറയും സമുദായത്തിൻെറയും അബോധതലത്തിൽപോലും കടന്നുകൂടിയിരിക്കുന്ന ചരിത്രസ്മൃതികൾ തുടച്ചുമാറ്റാൻ കഴിയുമോ? പാരമ്പര്യം ഇന്നിൻെറ വെളിച്ചത്തിൽ പരിശോധിച്ചു സമകാലികപ്രസക്തിയുള്ളവ ത്യാജ്യഗ്രാഹ്യ വിവേചനബുദ്ധ്യാ സ്വീകരിക്കയല്ലേ വഴിയുള്ളു. ചരിത്രത്തിൽ സംഭവിച്ചതിനെല്ലാം പ്രതിക്രിയ ചെയ്യാൻ ഒരുമ്പെട്ടാൽ, എല്ലാം ആദിമദിനത്തിലെന്നപോലെ പുനർക്രമീകരിക്കാൻ ഒരുമ്പെട്ടാൽ, നമുക്ക് എവിടെച്ചെന്നു നിൽക്കാൻ കഴിയും? വർത്തമാനമുഹൂർത്തം നൽകുന്ന *വെല്ലുവിളികൾ നേരിടാനും ഭാവിയിലേക്കു ആരോഗ്യകരമായി വളരാനും വേണ്ടിടത്തോളം ചരിത്രം നമുക്കു മതി; അത്രത്തോളം ചരിത്രം വേണംതാനും.* ഭാരതത്തിൻെറ ക്ഷേമത്തിന് അവശ്യമുള്ള ഭാരതചരിത്രമേ നമുക്കു വേണ്ടൂ. അതിനപ്പുറമുള്ള ചരിത്രം ക്ലാസ്സുമുറിയിൽ പഠിക്കുന്നവൻെറ കൗതുകമായി പരിമിതപ്പെടുത്തണം. ക്ഷേമം, വിശാലമായ അർത്ഥമേഖലയുള്ള വാക്കാണ്—ആധ്യാത്മികവും ഭൗതികവുമായ സുസ്ഥിതിയാണ് ക്ഷേമം; ബൈബിളിലെ സമാധാനം, മധ്യപൂർവദേശത്തെ ശലോം, സലാം.

നസ്രാണി സമുദായചരിത്രം, മതബോധനത്തിൻെറ ഭാഗമായും പ്രചാരണപ്രവർത്തനത്തിലൂടെയും സംക്രമിപ്പിക്കുമ്പോൾ നസ്രാണി സമുദായക്ഷേമം എന്ന ലക്ഷ്യം മുൻനിർത്താൻ കഴിയണം. *പകരംവീട്ടാനും തച്ചുടയ്ക്കാനുമല്ല ചരിത്രം; നിർമ്മിക്കാനാണ്, പടുത്തുയർത്താനാണ്.* അങ്ങനെയുള്ള ചരിത്രത്തിന് വിദ്വേഷത്തിൻെറ നാററമില്ല, കണക്കുവയ്ക്കാത്ത സ്നേഹത്തിൻെറ പരിമളമുണ്ട്. ചരിത്രസ്മാരകങ്ങൾ തകർത്തു ചരിത്രം തിരുത്തിയവർ എന്നും എവിടെയും അപഹാസ്യരാണ്. റഷ്യയിൽ സംഭവിച്ചത് ഓർമ്മിക്കുക. ബ്രിട്ടീഷുകാരുടെ ഭരണകാലത്തുണ്ടായതെല്ലാം—ഇംഗ്ലീഷ് വിദ്യാഭ്യാസമടക്കം—തകർത്തുകളയാം എന്നു കരുതുന്ന ചരിത്രഭ്രാന്തു കണ്ട് കളിയാക്കിച്ചിരിച്ചിരുന്ന കേരളനസ്രാണികൾ അവരുടെ സമൂഹത്തിൽ ഇതേ ചുഴലിക്കാററ് ചീററിയടിക്കുന്നത് അറിയുന്നില്ലേ? പൊതുജീവിതത്തിൽ ഇംഗ്ലീഷുപോലെയാണ് നസ്രാണിക്കത്തോലിക്കൻെറ ജീവിതത്തിൽ കുരിശുരൂപം. തനിമ നേടാനുള്ള ആവേശത്തിൽ ഒരു കൂട്ടർ തലമുറകൾ ഭക്ത്യാ

ദരപൂർവം വണങ്ങിയിരുന്ന കുരിശുരൂപങ്ങൾ നീക്കം ചെയ്യുന്നു, തടി വിലയ്ക്കു വിൽക്കുന്നു; പുതിയ താമരക്കുരിശു സ്ഥാപിക്കുന്നു. എല്ലാം നിശ്ശേഷം പൊളിച്ചുനീക്കും മുമ്പ് നസ്രാണിക്കത്തോലിക്കർക്ക് ഒരു ഇടവേള കൈവന്നിരിക്കുന്നു. ഒരു സ്വതന്ത്രസഭയുടെ പദവി മാർത്തോമ്മാ നസ്രാണി കത്തോലിക്കാ സഭയ്ക്കു നൽകിയിരിക്കുന്നു; അതനുസരിച്ചുള്ള ഘടനകൾ ഉണ്ടാകുമെന്ന വാഗ്ദാനം ലഭിച്ചിരിക്കുന്നു.

## ചരിത്രം, സ്ഥിതിയോ ഗതിയോ

കേരളത്തിലെ ക്രൈസ്തവ ചരിത്രകൃതികളിൽ പ്രതിഫലിക്കുന്ന ചരിത്ര സങ്കല്പനത്തെക്കുറിച്ച് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാതെ നിർവാഹമില്ല. ചരിത്രത്തെ സ്ഥിതിയായി കാണുന്ന പാരമ്പര്യത്തിൽനിന്നു നസ്രാണി സമുദായ ചരിത്രകാരന്മാർ മോചനം നേടിയിട്ടില്ല. അവർ പേർഷ്യൻ കുടിയേററത്തിനു മുമ്പുള്ള സ്ഥിതിയെക്കുറിച്ചും പേർഷ്യൻ മെത്രാന്മാരുടെ കാലത്തെ അവസ്ഥയെക്കുറിച്ചും പോർത്തുഗീസുകാരുടെ കാലംമുതൽ പ്രാബല്യത്തിൽ വന്ന ലത്തീൻവ്യവസ്ഥയെക്കുറിച്ചും ചിന്തിക്കുന്നു. ഒരു സമൂഹത്തിൻെറ ചരിത്രത്തെ ഇങ്ങനെ ഓരോരോ സ്ഥിതികളായി സങ്കല്പിക്കേണ്ടിവരാമെങ്കിലും ഇതിനെ ചരിത്രാനുഭവമായി ഉൾക്കൊള്ളുന്നതു ബാലിശമാണ്. ചരിത്രം ഗതിയാണ് എന്നു ചരിത്രകാരനും സമൂഹവും മനസ്സിലാക്കേണ്ടിയിരിക്കുന്നു. നൂററാണ്ടുകളിലൂടെയുള്ള സമൂഹപരിണാമത്തെ ഒരു അനുസ്യൂതിയായും അതിലെ ഗതിവിഗതികളെ സമൂഹപ്രയാണമായും ഗ്രഹിക്കുമ്പോൾ ഓരോ സമൂഹത്തിൻെറയും തനിമ (identity)യെക്കുറിച്ചുള്ള നമ്മുടെ ധാരണകൾ പരിഷ്കരിക്കേണ്ടിവരുന്നു. എ. ഡി. ആദിമനൂറ്റാണ്ടുകൾമുതൽ ഇരുപതാം നൂററാണ്ടിൻെറ അന്ത്യദശകംവരെയുള്ള നസ്രാണി സമുദായപരിണാമത്തിലാണ് ആ സമുദായത്തിൻെറ തനിമ കണ്ടെത്തേണ്ടത്. പേർഷ്യൻ കുടിയേററത്തിനു മുമ്പുള്ള ഘട്ടത്തിലോ പാശ്ചാത്യമേൽക്കോയ്മയുടെ ഘട്ടത്തിലോ സമുദായത്തിൻെറ തനിമ ദർശിക്കാനുള്ള ശ്രമം ഉത്തമചരിത്രസംസ്കാരത്തിനു നിരക്കാത്തതാണ്. നിർഭാഗ്യവശാൽ നമ്മുടെ ചരിത്രസംസ്കാരം അവതാളത്തിലാണ്. എല്ലാ വിഭാഗത്തിലുമുള്ള ക്രൈസ്തവ ചരിത്രകാരന്മാർ രീതിശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം പടുകുഴിയിൽ വീണുകിടക്കുകയാണ്. അവരുടെ പ്രലാപങ്ങൾ ചരിത്രപാഠങ്ങളായി മതബോധന ക്ലാസ്സുകളിലൂടെയും വാർത്താമാധ്യമങ്ങളിലൂടെയും ഉൾക്കൊള്ളുന്ന കുട്ടികളും സരളമനസ്കരായ ചരിത്രകുതുകികളും തമ്മിലടിക്കുകയും ചരിത്രമലിനീകരണം നടത്തുകയും ചെയ്യുന്നതിൽ വിസ്മയിക്കേണ്ടതില്ല.

## 'എനിക്ക് ഇന്നലെ സാക്ഷ്യയിടണം'

മാർത്തോമ്മാ നസ്രാണി കത്തോലിക്കാ സമുദായത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ധാരാളം ചരിത്രകുതുകികൾ ഉണ്ടായിട്ടുണ്ട്. ചരിത്ര ഗവേഷണവും ചരിത്രഗവേഷണപ്രസിദ്ധീകരണവും വിപുലമായി. അത്യന്തം ഫലപ്രദമാകേണ്ടിയിരുന്ന ഈ ആഭിമുഖ്യങ്ങൾ സ്ഥിതി പഠനകേന്ദ്രീകൃതമായിത്തീർന്നതിനാൽ ഏറെ പാഴായിപ്പോയി. മാത്രമല്ല ഓരോരോ സ്ഥിതികളുടെ മേന്മകൾ ചിത്രീകരിച്ചുകണ്ടവർ അവ പുനരുദ്ധരിക്കണമെന്ന വാദത്തിനു

പിന്നിൽ ഗ്രൂപ്പുകളായി തിരിഞ്ഞു നിലയുറപ്പിച്ചു. ഭൂതകാലത്തിലെ ഏതെങ്കിലും സ്ഥിതി പുനരുദ്ധരിക്കണം എന്ന വാദം മൗലികവാദ (fundamentalism) മാണ്. ചരിത്രത്തിലൂടെ പിന്നോക്കം നടക്കാനുള്ള ശ്രമങ്ങളാണ് ബോസ്നിയയിലും അയോധ്യയിലും നാം കാണുന്നത്. കുരിശുയുദ്ധങ്ങൾ ഇത്തരമൊരു മനോഭാവത്തിൻെറ വികൃതസൃഷ്ടികളായിരുന്നു. മുസ്ലിം ആക്രമണത്തിനു മുമ്പുണ്ടായിരുന്ന ഇന്ത്യയിലെ സ്ഥിതി പുനഃസ്ഥാപിക്കണം എന്നു വാദിക്കുന്നതു മൗലികവാദമാണെങ്കിൽ അതേതരത്തിലുള്ള മൗലികവാദമാണ് പോർത്തുഗീസുകാരുടെ കാലത്തിനു മുമ്പുള്ള സ്ഥിതി, പുനഃസ്ഥാപിക്കണം എന്നു പറയുന്നത്. 'എനിക്ക് ഇന്നലെ സാക്ഷയിടണം' എന്നു പറയുന്ന കുട്ടിയോടു നമുക്കു സഹതാപമേ തോന്നൂ. എന്നാൽ അധികാരസ്ഥർക്ക് ഇത്തരം വികല്പങ്ങളുണ്ടായാൽ അത് അസഹ്യമായ അനുഭവമാകും. പുനരുദ്ധാരണശ്രമങ്ങളുടെ ഭാഗമായി കഴിഞ്ഞ ഏതാനും വർഷങ്ങളിൽ നസ്രാണി കത്തോലിക്കാസമുദായം അനുഭവിച്ച വേദന അനുസ്മരിക്കുക. ഇതു ചരിത്രദർശനത്തിലുണ്ടായ പാളിച്ചയിൽനിന്ന് ശക്തി നേടിയ ദുർഭൂതമാണെന്ന വകതിരിവ് ഇനിയെങ്കിലും സമുദായത്തിന് കൂടിയേ തീരൂ.

## ആത്മദർശനവും ചരിത്രവും

സെമിനാരിയിലും മതബോധനക്ലാസുകളിലും മതപ്രസിദ്ധീകരണങ്ങളിലും അംഗീകാരം നേടുന്ന സമുദായചരിത്രവും പൊതുസമൂഹത്തിൽ അംഗീകരിക്കപ്പെടുന്ന സമുദായ ചരിത്രവും വ്യത്യസ്തമാകുക സ്വാഭാവികമാണ്. ചരിത്രം നൽകുന്നത് കാഴ്ചപ്പാടുകളാണ്. കാഴ്ചപ്പാടുകളാകട്ടെ കാണുന്നവനെയും കാണുന്നവൻെറ നിലപാടിനെയും ആശ്രയിച്ചിരിക്കുന്നു. ഓരോ സമുദായത്തിൻെറയും ആത്മദർശനം—അവർ തങ്ങളെത്തന്നെ നോക്കിക്കാണുന്നതു പ്രത്യേക രീതിയിലായിരിക്കും. നസ്രാണി സമുദായത്തിൻെറ ആത്മദർശനമാണ് മാർത്തോമ്മായെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ, ദേവാലയ പാരമ്പര്യങ്ങൾ, റമ്പാൻ പാട്ട്, മററു നാടോടിപ്പാട്ടുകൾ തുടങ്ങിയവയിൽ കാണുന്നത്. മററുള്ളവർ നസ്രാണികളെ എങ്ങനെ കണ്ടിരുന്നു എന്നതിന് ചെപ്പേടുകൾ, വിദേശികളുടെ പരാമർശങ്ങൾ, പോർത്തുഗീസുകാരുടെ കാലംമുതലുള്ള ക്രൈസ്തവരേഖകൾ (ഉദാ: ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകൾ) തുടങ്ങിയവ മാതൃകകളാണ്. മഹാപണ്ഡിതനായിരുന്ന ഫാ. പ്ലാസിഡ് പൊടിപാറയുടെ ഗവേഷണ പരിശ്രമങ്ങളിൽ നസ്രാണിയുടെ ആത്മദർശനവും വിദേശിയുടെ കാഴ്ചപ്പാടും ഇടകലർന്നു കാണുന്നു (2). അവിടംമുതൽ യൂറോപ്പിലേക്കു പോയി ചരിത്രപഠനം നടത്തിയ നമ്മുടെ വൈദികചരിത്രകാരന്മാരൊക്കെ പാശ്ചാത്യരേഖാശേഖരങ്ങളിലെ ഗ്രന്ഥക്കെട്ടുകളിലൂടെ നസ്രാണിസമുദായത്തെ അവതരിപ്പിക്കാൻ ശ്രമിച്ചവരാണ്. പ്രാദേശികപാരമ്പര്യങ്ങൾ പഠിക്കാനോ ഉപയോഗിക്കാനോ അവരിൽ മിക്കവർക്കും കഴിഞ്ഞില്ലെന്നു മാത്രമല്ല, തങ്ങൾക്കു നിശ്ചയമില്ലാത്ത ചില കാര്യങ്ങൾ അസ്ഥാനത്തുപയോഗിച്ചു സംഗതികൾ ആകെ അലങ്കോലപ്പെടുത്തുകയുംചെയ്തു. ഇത്തരം ഗവേഷണപ്രബന്ധങ്ങൾ, ധാരാളം രേഖകൾ കേരളത്തിൽ ലഭ്യമാക്കിയെങ്കിലും അശാസ്ത്രീയമായ സങ്കലനംകൊണ്ട് വികൃതമായ ചരിത്രസംസ്കാരം വളർത്തിയെടുക്കാനാണ്

ഉപകരിച്ചത്. കേരള നസ്രാണികളുടെ ക്രിസ്മസ് ആചരണത്തെക്കുറിച്ചും മററ് ഉത്സവങ്ങളെ ക്കുറിച്ചും സുറിയാനിയിലും ലത്തീനിലുമുള്ള ഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരണികളെടുത്തു തയ്യാറാക്കിയ പ്രബന്ധങ്ങളെ ആധാരമാക്കി പുനരുദ്ധാരണത്തിനു മുതിരുന്നവർ ഇക്കാര്യം ഓർമ്മിക്കുന്നത് നന്ന്. നാടോടി വിജ്ഞാനം, പ്രാദേശികപുരാണങ്ങൾ, മുഖംതേഞ്ഞ ആചാരങ്ങൾ, വാക്കുകൾ (ഉദാ: രാക്കുളി, പിണ്ടിപ്പെരുന്നാൾ) തുടങ്ങിയവയിൽനിന്ന് നമുക്ക് ഏറെ മനസ്സിലാക്കാനുണ്ട്. മേൽ വിവരിച്ച രണ്ടു മൗലിക ചരിത്രദൗർബല്യങ്ങളിൽനിന്ന് നസ്രാണിസമുദായം മോചനം നേടിയാലേ അവർക്ക് അവരുടെ തനിമ കണ്ടെത്താനാവൂ. അതിനു പുതിയൊരു ചരിത്രസംസ്കാരമുണ്ടാകണം. നൂററാണ്ടുകളിലൂടെയുള്ള പരിണാമത്തിൻെറ ഫലമാണ് ഇന്നത്തെ നസ്രാണിസമുദായം എന്നും പുനരുദ്ധാരണവാദം അശ്ലീലമാണെന്നും ചരിത്രത്തിൻെറ അനുസ്യൂതിയിൽ തെളിഞ്ഞുകാണുന്ന സമൂഹോർജത്തിൻെറ രൂപഭേദങ്ങൾ ഭാവിയെ നിഴലിപ്പിക്കുന്നുവെന്നും(3), അതിനാൽ ചരിത്രത്തെ നിരാകരിക്കാനാവില്ലെന്നും നാം അറിയേണ്ടിയിരിക്കുന്നു.

## മാർത്തോമ്മായുടെ നിയമം

കേരള നസ്രാണി കത്തോലിക്ക സമുദായത്തിന് അവരുടെ വ്യക്തിത്വത്തിൻെറ അടിസ്ഥാനമായി എന്നും പറയാനുണ്ടായിരുന്നതിൻെറ ചുരുക്കെഴുത്താണ് "മാർത്തോമ്മായുടെ നിയമം"—Law of Thomas. നിയമം എന്ന വാക്കു കേൾക്കുമ്പോൾ അതിന് ഇന്നുള്ള സാങ്കേതികാർത്ഥം കല്പിക്കാതിരിക്കാൻ ശ്രദ്ധിക്കുക. നിയമങ്ങൾ എങ്ങനെയാണ് ഉരുത്തിരിഞ്ഞുവന്നത് എന്നു ചരിത്രവിദ്യാർത്ഥിക്കറിയാം. സമൂഹത്തിൻെറ അംഗീകാരം നേടുന്ന വഴക്കങ്ങളാണു നിയമരൂപത്തിൽ ഉറയ്ക്കുക. കീഴ്വഴക്കങ്ങളാണ് നല്ല നിയമങ്ങൾ, അലിഖിത നിയമങ്ങൾ. സമൂഹമനസ്സാക്ഷിയാണ് ഈ നിയമത്തിൻെറ സൂക്ഷിപ്പുകാരൻ. കാലം മാറുമ്പോൾ വിശദാംശങ്ങളിൽ മാററമുണ്ടാകും. ഏറെ കഴുകുമരങ്ങൾ ഉയർത്താതെ അലിഖിതനിയമങ്ങൾ മാറിവരുന്നു. യാന്ത്രികലിഖിതനിയമങ്ങളാകട്ടെ നിയമലംഘനത്തിൻെറയും ന്യായവിചാരണയുടെയും ശിക്ഷാവിധിയുടെയും കർക്കശമായ നിരോധനാജ്ഞകളുടെയും വഴിയിലേക്കു നമ്മെ എത്തിക്കുന്നു(4). മാർത്തോമ്മായുടെ നിയമം ഒരിക്കലും നിയമസംഹിതയായി എഴുതപ്പെട്ടിട്ടില്ല. എങ്കിലും അതേക്കുറിച്ചുള്ള അവബോധം നസ്രാണി സമുദായത്തിൽ സദാ സന്നിഹിതമായിരുന്നു. പോർത്തുഗീസുകാരുടെ കാലത്തെ ക്രൈസ്തവർ തങ്ങളുടെ വ്യക്തിത്വത്തെ 'മാർത്തോമ്മാടെ മാർഗ്ഗവും വഴിപാടും' എന്നാണ് വിശേഷിപ്പിച്ചത്. പത്രോസിൻെറ മാർഗ്ഗത്തിൽനിന്നു ഭിന്നമായ *മാർത്തോമ്മാടെ മാർഗ്ഗം* എന്ന പ്രയോഗമാണ് പോർത്തുഗീസുകാരുടെ ദൃഷ്ടിയിൽ ഏററവും വലിയ ശീശ്മയായിത്തീർന്നത്.

'ഒരുവൻ തംപുരാൻ തൻെറ ശുദ്ധമാന ഒരു മാർഗ്ഗം ആകുന്നതിനെ (നൊം) ശെമഹൊൻ കെപ്പാടെയും മാർത്തൊമ്മാടയും വഴിപാടും മാർഗ്ഗവും രണ്ട എന്ന വിശ്വാസത്തിൻെറ അന്തരം ഒള്ളവര ഒണ്ടാക്കി ചമച്ചതിനെക്കൊണ്ട ശുദ്ധമാന സുനഹദൊസ ആകുന്ന ഈ

യൊഗത്തിന്ന സൂക്ഷം പെരികെ ഒണ്ട. എന്നാൽ പട്ടാങ്ങയുടെ നസ്രാണികൾക്ക ഒക്കെക്കും മിശിഹാകർത്താവിനാൽ ശ്ലീഹന്മാര പഠിപ്പിക്കപ്പെട്ട പഠിച്ച മാർഗ്ഗവും വിശ്വാസവും മാമ്മെദീസായും ഒന്നെ ഒള്ളു... എന്നാൽ ഇതിന്ന മറുത്ത പറയുന്നവര ശുദ്ധമാന എവൻഗാലിക്ക എടത്തൂട അത്രെ ആകുന്നു എന്ന അറിക!'

(ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകൾ; രണ്ടു പ്രാചീന ഗദ്യകൃതികൾ, ചങ്ങനാശ്ശേരി 1976:19)

'മാർത്തോമ്മാടെ മാർഗ്ഗവും വഴിപാടും' എന്നതിനു പോർത്തുഗീസ് ചരിത്രകാരന്മാരും പിന്നീടു മററു പാശ്ചാത്യചരിത്രകാരന്മാരും അവരെയെല്ലാം വിശ്വസ്തമായി അനുകരിച്ച് വിദേശ പഠനം നടത്തിവന്ന നമ്മുടെ ഇന്നത്തെ വൈദികചരിത്രകാരന്മാരും ഉപയോഗിക്കുന്ന സംജ്ഞയാണ് മാർത്തോമ്മായുടെ നിയമം—Law of Thomas. സമകാലിക മതസാമൂഹിക സംജ്ഞകളുടെ പൊരുത്തം പരിഗണിച്ചു *'മാർത്തോമ്മാടെ മാർഗ്ഗവും വഴിപാടും'* എന്ന സുനിശ്ചിതാർത്ഥത്തിൽ *മാർത്തോമ്മായുടെ നിയമം* എന്ന സാങ്കേതിക സംജ്ഞ സ്വീകരിക്കുകയാണ്. ഇതു കാനോൻ നിയമംപോലെ ഒരു പ്രഖ്യാപനത്തിലൂടെ നിലവിൽവരുന്നതോ റദ്ദാകുന്നതോ ആയ നിയമസംഹിതയല്ല; മാർത്തോമ്മാ നസ്രാണി കത്തോലിക്ക സമുദായത്തിൻെറ സംഘാത ജീവിതപ്രമാണമാണ്. അവരുടെ ചരിത്രപരിണാമഗതിയിൽ പ്രതിബിംബിക്കുന്ന ജീവിതശൈലിയാണ്. നസ്രാണി സമുദായ അവബോധമാണ്.

മാർത്തോമ്മായുടെ നിയമത്തിൻെറ കാതൽ ദൈവജനത്തിൻെറ കൂട്ടായ്മയാണ് സഭ എന്ന പ്രായോഗികപ്രമാണമത്രെ. സഭയിലെ എല്ലാ അംഗങ്ങളും, മെത്രാനും വൈദികരും സഭാകൂട്ടായ്മയിൽനിന്ന് അധികാരവും വരവും സ്വീകരിക്കയും അവരോടു കണക്കു ബോധിപ്പിക്കയും ചെയ്യുന്നു. വൈദികരെ തിരഞ്ഞെടുക്കുന്നതിലും മെത്രാനെ അംഗീകരിക്കുന്നതിലും സഭാകൂട്ടായ്മയുടെ തീരുമാനത്തിനായിരുന്നു ആധികാരികത. പുരാതനകാലത്തു പള്ളിയോഗങ്ങളിലും മലങ്കര പള്ളിയോഗത്തിലും അർക്കദിയാക്കോൻെറ നേതൃത്വത്തിൽ നിയമവാഴ്ചയുടെ പടവുകൾ നിർണ്ണയിക്കപ്പെട്ടിരുന്നു. ദേശക്കുറിയായിരുന്നു ഏററവും വലിയ സാക്ഷ്യപത്രവും പ്രമാണവും. ഇന്നു പേപ്പൽ ബൂളയ്ക്കുള്ള സ്ഥാനം അന്നു ദേശക്കുറിക്കുണ്ടായിരുന്നു. സമുദായനിയമങ്ങൾ ലംഘിക്കുന്നവർക്കു വിലക്കുകൾ കല്പിച്ചിരുന്നതു പള്ളിയോഗങ്ങളാണ്, വൈദികരാകാനുള്ളവരെ നാമനിർദ്ദേശംചെയ്തിരുന്നതു പള്ളിയോഗങ്ങളാണ്. വൈദികർക്ക് ജീവനാംശം നൽകിയിരുന്നതു പള്ളിക്കാരാണ്. മെത്രാനെ ദേവാലയത്തിലേക്കു പള്ളിയോഗം ക്ഷണിച്ചുവരുത്തുകയായിരുന്നു. സഭാകൂട്ടായ്മയെക്കുറിച്ചുള്ള അതിവിശിഷ്ടമായ ഈ ദർശനം അനേക നൂററാണ്ടുകൾ നിലനിറുത്താൻ കേരള നസ്രാണികൾക്കു കഴിഞ്ഞു. മെനേസിസ് മെത്രാപ്പോലീത്തപോലും ഉദയംപേരൂർ സൂനഹദോസ് സംഘടിപ്പിച്ചത് അർക്കദിയാക്കോൻെറ നേതൃത്വം അംഗീകരിച്ചുകൊണ്ടും മലങ്കര പള്ളിയോഗത്തിൻെറ മൗലികതത്ത്വങ്ങൾ പരിരക്ഷിച്ചുകൊണ്ടുമാണ്. ഉദയംപേരൂർ സൂനഹദോസിൽ നൂററുപത്തിമൂന്ന് വൈദികരും അറുനൂറോളം അല്മായ പള്ളിപ്രതിനിധികളും പങ്കെടുത്തു.

## ക്രൈസ്തവ റിപ്പബ്ലിക്ക്

'ഒരു ക്രൈസ്തവ റിപ്പബ്ലിക്ക്' എന്നാണ് നസ്രാണി സമുദായത്തിനു പുരാതനകാലത്തു വിദേശികൾ നൽകിയിരുന്ന വിശേഷണം. മററൊരു തരത്തിൽ പറഞ്ഞാൽ, ക്രൈസ്തവ ലോകത്ത് കേരള മാർത്തോമ്മാ നസ്രാണി സഭയ്ക്ക് അനന്യത നൽകിയിരുന്നത് അവരുടെ റിപ്പബ്ലിക്കൻ ഭരണക്രമമാണ്. അതുകൊണ്ട് ആഗോളസഭയ്ക്ക് നസ്രാണി സഭ നൽകുന്ന മൗലികസംഭാവന ഈ റിപ്പബ്ലിക്കൻ പൈതൃകമാണെന്നു നിസ്സന്ദേഹം രേഖപ്പെടുത്താം. നസ്രാണി സമുദായത്തിന് ഒരു തലവനുണ്ടായിരുന്നു. പക്ഷേ, അയാൾക്കു സ്വന്തം സഭയോടായിരുന്നു ഉത്തരവാദിത്വം; സഭയോടു കണക്കുപറയാൻ അയാൾ ബാധ്യസ്ഥനായിരുന്നു. സഭയ്ക്കു വേണ്ടി ശുശ്രൂഷ നടത്തുകയായിരുന്നു മെത്രാനും അർക്കദിയാക്കോനും. ഈ തത്ത്വം പാശ്ചാത്യസഭ ശരിക്കു മനസ്സിലാക്കിയതു രണ്ടാം വത്തിക്കാൻ സൂനഹദോസിലാണ്. നസ്രാണി സഭയ്ക്കാകട്ടെ ഇത് അവരുടെ വർഗ്ഗാവബോധത്തിൻെറ ഭാഗമായ ബോധ്യമായിരുന്നു. ദീർഘകാലത്തെ യാന്ത്രികശിക്ഷണവും മസ്തിഷ്ക പ്രക്ഷാളനവും നിമിത്തം 'സഭയിൽ ജനാധിപത്യമില്ല', 'എല്ലാ അധികാരവും ദൈവത്തിൽനിന്നു ലഭിച്ചതാണ്', സഭയോടും സമുദായത്തോടും വ്യക്തമായി കണക്കുപറയുന്നത് വിശ്വാസവ്യതിയാനമാണ്' എന്നെല്ലാമുള്ള അഭിപ്രായങ്ങൾ സരളബുദ്ധികളും അവസരസേവകരും പുറപ്പെടുവിക്കാറുണ്ടെങ്കിലും നസ്രാണി മനസ്സ് ക്രൈസ്തവ റിപ്പബ്ലിക്കൻ സ്വപ്നത്തെ താലോലിക്കുന്നു. പാശ്ചാത്യസഭയിലെ വിശ്വാസികൾക്ക് ഒരു കാലത്തും അനുഭവപ്പെട്ടിട്ടില്ലാത്ത പങ്കാളിത്തബോധവും അവകാശബോധവും നസ്രാണിസഭയിലെ അംഗങ്ങൾക്ക് എക്കാലത്തും ഉണ്ടായിരുന്നു. ദൈവജനം അധ്വാനഫലം ചെലവഴിച്ച് പള്ളികൾ നിർമ്മിച്ച ചരിത്രം നസ്രാണിത്തനിമ എടുത്തുകാട്ടുന്നു. ഇതു നസ്രാണി അഭിമാനത്തിൻെറ ഭാഗമാണ്. പാശ്ചാത്യദേശത്തുള്ള പല കത്തീഡ്രലുകളും മററു മനോഹരദേവാലയങ്ങളും രാജാക്കന്മാരുടെയോ സന്യാസഭവനങ്ങളുടെയോ സംഭാവനകളാണ്! ഇവിടത്തെ നസ്രാണിയോ, അവർ അന്നും ഇന്നും കുടുംബസ്വത്തു ചെലവഴിച്ചു പള്ളി പണിയിക്കുന്ന പാരമ്പര്യക്കാരാണ്. അതുകൊണ്ടുതന്നെ പള്ളിക്കാര്യത്തിൽ അവർക്ക് അവകാശബോധമുണ്ട്. മാർത്തോമ്മായുടെ നിയമത്തിൻെറ ഈ അംശം നിരന്തരമായ വർഗ്ഗാഭിമാനമായി എക്കാലവും നസ്രാണികൾ സംവഹിച്ചിരുന്നു: ക്ഷുഭിതനായ പാറേമ്മാക്കൽ തോമ്മാക്കത്തനാർ ചോദിക്കുന്നു. 'നിൻെറ (വിദേശമിഷണറിമാരുടെ) ഉപായവും തട്ടിപ്പുംകൊണ്ട് മലങ്കരെയുള്ള ഞങ്ങളുടെ പള്ളിക്കാരൽ ചിലർ നിന്നെ കണ്ടും നിനക്കു കീഴുവഴങ്ങിയും ചെല്ലുന്നതല്ലാതെ ഞങ്ങളുടെ പള്ളികൾ നീയും നിൻെറ കാരണവന്മാരും പണീച്ചതും അല്ല. ഞങ്ങളെയും ഞങ്ങളുടെ പള്ളിക്കാരെയും ആരും നിനക്കു വിററിട്ടും ഇല്ല. ഞങ്ങളുടെ യൊഗത്തിന്നു നിന്നെ കൈക്കാള്ളുവാൻ മനസ്സുണ്ടെങ്കിൽ കൈക്കൊള്ളു. കൈക്കൊള്ളുവാൻ മനസ്സില്ലാ എങ്കിൽ ബലം ചെയ്തു നിന്നെ കൈക്കൊള്ളിപ്പിപ്പാൻ നിന്നാൽ സാധ്യമല്ലെന്നു കണ്ടു അഹമ്മതി ആയ വചനങ്ങൾ ഇനി, ആരോടും പറഞ്ഞു എന്നു വരാതിരിക്കട്ടെ.' (വർത്തമാനപ്പുസ്തകം 1936: 504 - 505).

## നസ്രാണി കത്തോലിക്കർ എങ്ങോട്ട്?

നസ്രാണികത്തോലിക്ക സഭ കോ വാദിസ് (Quo Vadis) എന്നു ചോദിക്കേണ്ട മുഹൂർത്തമാണിത്. ഇതു കുററവിചാരണയ്ക്കുള്ള സന്ദർഭമല്ല. വിവിധ കാഴ്ചപ്പാടുകളിൽ നസ്രാണി സമുദായത്തിലുണ്ടായ ധ്രുവീകരണം നമ്മുടെ അറിവിൻെറ ചക്രവാളങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. വ്യക്തിസഭ, നസ്രാണിത്തനിമ, തനിമയാർന്ന സഭാഭരണക്രമം, സവിശേഷമായ ആധ്യാത്മികത തുടങ്ങിയ സങ്കല്പനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ ചങ്ങനാശ്ശേരി ആർച്ചു ബിഷപ്പ് മാർ ജോസഫ് പവ്വത്തിലും അദ്ദേഹത്തിൻെറ നിലപാടിനോടു യോജിച്ചു പോകുന്ന വടവാതൂർ പ്രൊഫസറന്മാരും നൽകിയ സംഭാവന പ്രത്യേക പരാമർശം അർഹിക്കുന്നു. വടവാതൂരിലെ പൗരസ്ത്യവിദ്യാപീഠത്തിൻെറ പ്രസിദ്ധീകരണങ്ങൾ പൗരസ്ത്യ ക്രൈസ്തവ വിജ്ഞാനീയത്തിനും കേരള ക്രൈസ്തവ പഠനത്തിനും വിലപ്പെട്ട സംഭാവനകളാണ്. പ്രസ്തുത പ്രസിദ്ധീകരണങ്ങളിലെ അഭിപ്രായങ്ങളോടു വിയോജിക്കുന്നവർക്കുപോലും പഠനത്തിനു വക നൽകുന്നവയാണ് ആ പ്രസിദ്ധീകരണങ്ങൾ. ചില പ്രസിദ്ധീകരണങ്ങളും ലഘുലേഖകളും ഊമക്കത്തുകളും സൃഷ്ടിച്ച സാംസ്കാരിക മലിനീകരണം മറന്നുകൊണ്ടല്ല ഇക്കാര്യം രേഖപ്പെടുത്തുന്നത്.

## നസ്രാണി കാരണവന്മാരുടെ പരമ്പര

ലിററർജിയെക്കുറിച്ചുണ്ടായ വിവാദം വെറും പ്രാദേശികവടംവലിയായി തരംതാഴാതെ നിലനിറുത്തുന്നതിൽ അല്മായ നേതാക്കന്മാർ വഹിച്ച പങ്ക് ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. ലിററർജിയിലൂടെ കടന്നുവരുന്നതു കൽദായീകരണമാണെന്നു ചൂണ്ടിക്കാണിച്ച് വിവാദത്തിനു പുതിയ മാനം നൽകിയത് ജോസഫ് പുലിക്കുന്നേലും ഓശാനയുമാണ്. പിന്നീട് വിവിധ കേന്ദ്രങ്ങളിലുണ്ടായ അല്മായ സംഗമങ്ങളിൽ നടന്ന ചർച്ചകൾ നിർണായക വഴിത്തിരിവായിത്തീർന്നു. നസ്രാണി കത്തോലിക്കാ സമുദായത്തിലെ തലയെടുപ്പും അകളങ്കിതവ്യക്തിത്വവുമുള്ള കുറെയേറെ കാരണവന്മാർ ഈ ഘട്ടത്തിൽ പൗരസ്ത്യ തീവ്രവാദത്തിനെതിരെ രംഗപ്രവേശം ചെയ്തതോടെ കത്തോലിക്കാസഭയിലാകെ ഈ വിവാദത്തിൻെറ അലയൊലികൾ ചെന്നെത്തി. ഇക്കാര്യത്തിൽ മുൻ മധ്യപ്രദേശ് ഗവർണരും സുദീർഘമായ പൊതുജീവിതത്തിലൂടെ പൊതുസമൂഹത്തിൽ അതീവ ബഹുമാന്യനുമായ പ്രൊഫ. കെ.എം.ചാണ്ടി അവലംബിച്ച നിലപാട് അവിസ്മരണീയമാണ്. റോമിനും ഇന്ത്യൻ ഹയരാർക്കിയിലെ സുപ്രധാന അംഗങ്ങൾക്കും നസ്രാണി സമുദായം അഭിമുഖീകരിക്കുന്ന പ്രതിസന്ധി ബോധ്യപ്പെടുത്തിക്കൊടുക്കുന്ന കാര്യത്തിൽ അദ്ദേഹമാണ് മർമപ്രധാനമായ സേവനം അനുഷ്ഠിച്ചത്. നിർണായകഘട്ടത്തിൽ സഭയുടെ വിശാല താല്പര്യങ്ങൾക്കുവേണ്ടി മുന്നിട്ടിറങ്ങിയ കാരണവന്മാർ എന്ന നിലയിൽ അദ്ദേഹവും കൊച്ചി സർവകലാശാലാ മുൻ വൈസ് ചാൻസലർ, ഡോ. എം.വി. പൈലി, ശ്രീ വി.വി.ജോസഫ് (ഐ.എ.എസ്സ് (റിട്ട.), ഇന്ത്യൻ ന്യൂനപക്ഷ കമ്മീഷൻ അംഗം ശ്രീമതി ആനി തയ്യിൽ, മുൻ കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ട് ഈ.എം.ജോസഫ്, ഡി.സി.കിഴക്കെമുറി, പ്രൊഫ.പി.ററി.ചാക്കോ എന്നിവർ അനുസ്മരിക്കപ്പെടും. ഇതുപോലെ

സേവനമനുഷ്ഠിച്ച മററു പല അല്മായ പ്രമുഖരെയും മനസ്സിൽ കാണുന്നു ണ്ടെങ്കിലും അവരുടെ പട്ടിക അവതരിപ്പിക്കാനുള്ള അവസരമല്ലല്ലോ ഇത്. ലിററർജി വിവാദത്തെയും നമ്മുടെ പൈതൃകത്തെക്കുറിച്ചുള്ള ചർച്ചകളെയും, താത്ത്വിക-ബൗദ്ധിക മണ്ഡലത്തിൽ ഒതുക്കി നിർത്താൻ അല്മായർ ശ്രമിച്ചു എന്നത് ഈ സഭയുടെ ഭാവി ശുഭോദർക്കമാണെന്ന് തെളിയിക്കുന്നു.

## ദാസ്യത്തിൻെറ നേട്ടവും കോട്ടവും

*ഇന്നത്തെ സഭയെ പിടിച്ചുകുലുക്കിയ പ്രതിസന്ധിയിൽ 'പള്ളിപ്പട'കൾക്കു പേരുകേട്ട സ്ഥലങ്ങളിലെ 'പടയാളികളാ'യ അല്മായർ നിശ്ശബ്ദരായിപ്പോയി എന്ന കാര്യം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സ്വീകരണങ്ങൾക്കും വിരുന്നുകൾക്കും ഉടുപ്പും വാളും ധരിപ്പിച്ച് പ്രദർശനവസ്തുക്കളായി എഴുന്നെള്ളിക്കാറുള്ള വന്ദ്യവയോധികർക്കും പ്രതിസന്ധിയിൽ ഒന്നും പറയാനുണ്ടായിരുന്നില്ല. വിവിധ രൂപതകളിലെ യുവജനപ്രസ്ഥാനങ്ങൾക്ക് ഈ പ്രതിസന്ധിയോട് എങ്ങനെ പ്രതികരിക്കാൻ കഴിഞ്ഞു? ക്രൈസ്തവസമൂഹത്തിൻെറ ഉപ്പായിരിക്കേണ്ട സന്യാസസമൂഹങ്ങൾ എന്തു ചെയ്തു? കുനിഞ്ഞു നിൽക്കാൻ കല്പന കിട്ടിയാൽ നിലത്തു വീണ് കുമ്പിടുന്ന പാരമ്പര്യക്കാരായ ധാരാളം വൈദികരും അല്മായരും ഇക്കാലത്തു പ്രത്യക്ഷപ്പെട്ടു. തക്ക അവസരമെന്നു കരുതി തൊട്ടുമുന്നിലുള്ള അധികാരിയെ പ്രീണിപ്പിച്ച് സ്ഥാനക്കയററം നേടിയവരും കുറവല്ല. ഇതെല്ലാം നസ്രാണി സമുദായത്തിലെ സ്ഥിതിഗതിയെക്കുറിച്ചുള്ള ചർച്ചയിൽ പ്രസക്തമാണ്. ഇതു കുററവിചാരണയ്ക്കല്ല, ഭാവിക്കുവേണ്ടിയുള്ള ഊർജസംഭരണത്തിനാണ്, ഓർമയിലേക്കു കൊണ്ടുവരുന്നത്.*

## തനിമയും പൈതൃകവും

കേരള നസ്രാണിക്കത്തോലിക്കരുടെ തനിമയും പൈതൃകവും പലതരത്തിൽ വ്യാഖ്യാനിച്ചുറപ്പിക്കാൻ ആസൂത്രിതപരിശ്രമങ്ങൾ നടക്കുന്നുണ്ട്. അതു കൊണ്ടാണ് മാർത്തോമ്മായുടെ നിയമത്തെക്കുറിച്ചുള്ള തത്ത്വനിഷ്ഠമായ ചർച്ച ഏററവും പ്രസക്തമാകുന്നത്. ഈ ഘട്ടത്തിൽ, പിന്നോക്കം തിരിഞ്ഞു നോക്കുമ്പോൾ മാർത്തോമ്മായുടെ നിയമത്തിൻെറ കാതൽ റിപ്പബ്ലിക്കൻ ഭരണ ക്രമമായിരുന്നു എന്ന വകതിരിവ് ഏററവും കൂടുതൽ പ്രകടമാക്കിയത് റവ. ഡോ. പ്ലാസിഡ് പൊടിപാറയായിരുന്നു എന്ന കാര്യം പ്രത്യേകം ഓർമ്മിക്കേ ണ്ടതുണ്ട്. ഇന്നു ജീവിച്ചിരിക്കുന്ന വൈദികചരിത്രകാരന്മാരിൽ ഈ അംശം അർഹിക്കുന്ന പ്രാധാന്യത്തോടെ വിവരിച്ചിട്ടുള്ളത് റവ. ഡോ. സേവ്യർ കൂടപ്പുഴ യാണ്(5). റവ. ഡോ. ആൻഡ്രൂസ് താഴത്തും മാർത്തോമ്മായുടെ നിയമത്തിൻെറ ആധാരശിലയായി ഭരണക്രമത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (6). മററു പല പ്രമുഖ വൈദികചരിത്രകാരന്മാരും ഭരണക്രമമെന്ന മഹാസത്യം കണ്ടില്ലെന്നു നടിക്കുകയോ നിസ്സാരമായി അവതരിപ്പിക്കയോ ചെയ്തിട്ടുണ്ട്. ഒരു അതിരൂപ തയുടെ പഞ്ചാംഗത്തിൽ ഉദയംപേരൂർ സൂനഹദോസിനെക്കുറിച്ചു രേഖപ്പെടു ത്തിയിരിക്കുന്നതു വായിച്ചാൽ ഈ മനോഭാവത്തിൻെറ വേരുകൾ കണ്ടെത്താൻ കഴിയും. ഉദയംപേരൂർ സൂനഹദോസ് നടന്ന വർഷവും അതിൽ പങ്കെടുത്ത വൈദികരുടെ എണ്ണവും രേഖപ്പെടുത്തി ആ പ്രകരണം അവസാനിപ്പിക്കുന്നു!

ഉദയംപേരൂർ സൂനഹദോസിൽ പങ്കെടുത്ത ഔദ്യോഗികപ്രതിനിധികളിൽ മഹാഭൂരിപക്ഷവും അല്മായരായിരുന്നു എന്നും സഭയെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും പള്ളിപ്രതിപുരുഷന്മാരായ അല്മായരുടെ അറിവോടും അംഗീകാരത്തോടുംകൂടി ജനാധിപത്യമര്യാദയിലാണ് തീരുമാനിച്ചിരുന്നതെന്നും അതാണ് മാർത്തോമ്മായുടെ നിയമത്തിൻെറ കാതലെന്നും ഉള്ള സത്യം രഹസ്യമാക്കിവയ്ക്കേണ്ട അറിവായി മാറിയിരിക്കുന്നു. വിശ്വാസത്തിൻെറയും സന്മാർഗ്ഗത്തിൻെറയും മററും കാര്യം നിൽക്കട്ടെ. സഭാസ്ഥാപനങ്ങളുടെ സാമ്പത്തിക കാര്യങ്ങൾപോലും അല്മായർ അറിഞ്ഞുകൂടാ എന്ന ശാഠ്യത്തിൽ നിൽക്കുന്ന സഭാഭരണസംവിധാനത്തിന് മാർത്തോമ്മായുടെ നിയമവുമായി ബന്ധമില്ല. സഭയുടെ സാമ്പത്തികജീവിതമെങ്കിലും അല്മായരുടെ മാർഗ്ഗദർശനത്തിനു വിധേയമാക്കാം എന്ന വിവേകം അടുത്തകാലത്തു നസ്രാണികത്തോലിക്കാ സമുദായത്തിൽ പ്രകടമാക്കിയത് ചങ്ങനാശ്ശേരി ആർച്ചുബിഷപ്പായിരിക്കെ ഇന്നത്തെ മേജർ ആർച്ചുബിഷപ്പ് മാർ ആൻറണി പടിയറയാണ്. അത് ഒരു വർഷംകൊണ്ട് നിലച്ചുപോയി. അത്രയ്ക്കു ശക്തമായിരുന്നു സമസ്ഥാനീയരുടെ എതിർപ്പ് എന്ന് ഊഹിക്കാം. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ റവ. ഡോ. ജോസഫ് കരിമ്പാലിയെ മാർത്തോമ്മ നസ്രാണി കത്തോലിക്കാ സമുദായചരിത്രത്തിൽ അനശ്വരനാക്കുന്നത് ഈ സംഭവമാണ്. ചങ്ങനാശ്ശേരി അതിരൂപതയുടെ ബജററും (1984-85) വരവു ചെലവു കണക്കും (1983-84) പാസ്റ്ററൽ കൗൺസിലിൽ അച്ചടിച്ച് അവതരിപ്പിക്കാൻ അദ്ദേഹം കളമൊരുക്കി. ഒരു വർഷത്തെ ബജററ് (1985-86) തയ്യാറാക്കിയതും പാസ്റ്ററൽ കൗൺസിലിൻെറ സാമ്പത്തികകാര്യ സമിതിയാണ്. ഇന്നു നസ്രാണി കത്തോലിക്കാ സഭയിലെ പൊതുശൈലിയോ? കോടിക്കണക്കിന് ഉറുപ്പികയുടെ കൊടുക്കൽ വാങ്ങലുകൾപോലും രഹസ്യത്തിൽ നടത്തുന്നതാണ് ഇന്നു കേരളനസ്രാണി കത്തോലിക്കാ സമുദായത്തിലെ നിയമം! സഭാംഗങ്ങളോടു വരവുചെലവു കണക്കു പറയുന്നതും കൂടിയാലോചിക്കുന്നതും പാപമാണെന്ന മട്ടിലുള്ള ഇന്നത്തെ സാമ്പത്തിക ഇടപാടുകളും മാർത്തോമ്മായുടെ നിയമവും തമ്മിൽ എന്തു ബന്ധം! സാമ്പത്തികകാര്യത്തിൽ മാത്രം പരിമിതപ്പെടേണ്ടതല്ല അല്മായ പങ്കാളിത്തം. സഭാ ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും അതുണ്ടായേ തീരൂ. അതാണ് മാർത്തോമ്മായുടെ നിയമം—മാർഗ്ഗവും വഴിപാടും: നസ്രാണി പൈതൃകവും.

## തനിമ ആരാധനക്രമത്തിലോ?

നസ്രാണികളുടെ തനിമ ആരാധനക്രമത്തിലാണെന്നു ശക്തമായ ഒരഭിപ്രായമുണ്ട്. ഇതിനുള്ള മറുപടി നസ്രാണി സമുദായചരിത്രത്തിൽനിന്നു കണ്ടെത്താം. ഉദയംപേരൂർ സൂനഹദോസിൽ തുടങ്ങിയ ലത്തീനീകരണം ആരാധനക്രമത്തെയും സഭാഭരണക്രമത്തെയും ബാധിച്ചു. എന്നാൽ സമുദായം ക്ഷോഭിച്ചിളകിയത് സഭാഭരണക്രമത്തിൽ വിദേശികൾ ഇടപെട്ടപ്പോഴാണ്. അർക്കദിയാക്കോനെ അവഗണിച്ചും മലങ്കര പള്ളിയോഗത്തെ മറികടന്നും പ്രവർത്തിച്ചവർക്കെതിരെയുള്ള കലാപമായിരുന്നല്ലോ കൂനൻകുരിശു സത്യം. അന്നു ലത്തീനധികാരികളോടു വിടപറഞ്ഞുപോയവർ പുനഃസ്ഥാപിച്ചതു

സഭാഭരണക്രമമാണ്, പഴയ കൽദായ സുറിയാനി കുർബാനയല്ല. തീർന്നില്ല, പാശ്ചാത്യനുകത്തിൽനിന്നു പുറത്തുകടന്ന് ഒരു സമൂഹമായിത്തീർന്ന പുത്തൻകൂററുകാർ അവരുടെ സഭാഭരണക്രമം നിലനിറുത്തി. എന്നാൽ യാതൊരു മനഃക്ലേശവും കൂടാതെ പൗരസ്ത്യ കൽദായ സുറിയാനി ആരാധനക്രമം ഉപേക്ഷിച്ചു; അന്ത്യോക്യൻ ആരാധനക്രമം സ്വീകരിച്ചു (7). കൽദായ ആരാധനക്രമത്തിനുവേണ്ടി ഒരിററു കണ്ണീർപോലും നഷ്ടപ്പെടുത്താൻ സ്വാതന്ത്ര്യത്തിലേക്കു കുതിച്ചു ചാടിയ ആ സമൂഹം തയ്യാറായില്ല. ഇന്നും ഓർത്തഡോക്സുകാരോ യാക്കോബായക്കാരോ മാർത്തോമ്മാക്കാരോ കത്തോലിക്കാ മലങ്കരക്കാരോ—ഇവരെല്ലാം മാർത്തോമ്മാ നസ്രാണികളാണല്ലോ—പതിനാറാം നൂററാണ്ടിനുമുമ്പു നസ്രാണികൾ ഉപയോഗിച്ചിരുന്ന കൽദായ ആരാധനക്രമം പുനരുദ്ധരിക്കാൻ ഒരുമ്പെടുന്നില്ല (8). ഇതിൻെറ അർത്ഥം വ്യക്തമാണ്. നസ്രാണിയുടെ ആത്മദർശനത്തിൽ, വർഗ്ഗാവബോധത്തിൽ കൽദായ ആരാധനക്രമം അവരുടെ വ്യക്തിത്വത്തിൻെറ മൗലികഘടകമായിരുന്നില്ല. കൽദായ സുറിയാനിമുദ്ര ഡച്ചുകാർമുതൽ റോമിലെ പൗരസ്ത്യ തിരുസംഘത്തിലിരിക്കുന്ന വെള്ളക്കാരായ ഏതോ വിദഗ്ദ്ധർ വരെയുള്ള വിദേശികൾ നമുക്കു പതിച്ചുതന്നതാണ്.

## നസ്രാണിത്തനിമയും പുതിയ കാനോൻനിയമവും

പൗരസ്ത്യ കാനോൻ നിയമം വായിക്കുമ്പോൾ ചരിത്രബോധമുള്ള നസ്രാണിക്കു വേദന തോന്നും. മാർത്തോമ്മായുടെ നിയമത്തിൻെറ ചൈതന്യം അണുമാത്രമെങ്കിലും ഉൾക്കൊള്ളാൻ ഈ നിയമസംഹിതയ്ക്കു കഴിഞ്ഞിട്ടില്ല. കർദ്ദിനാൾ പാറേക്കാട്ടിലായിരുന്നു പൗരസ്ത്യ കാനോൻ നിയമസമിതിയുടെ ദീർഘകാല അധ്യക്ഷൻ (1972-1987). നമ്മുടെ പല വൈദികരും ഈ സമിതിയിൽ അംഗങ്ങളായിരുന്നു. എന്നിട്ടും മാർത്തോമ്മായുടെ നിയമത്തിൻെറ തനിമയും ആഗോള ക്രൈസ്തവ പൈതൃകത്തിൽ അതിനുള്ള സ്ഥാനവും തെളിച്ചുകാട്ടാൻ നമുക്കു കഴിയാതെപോയി. ഇതിൽ വ്യക്തികളെ കുററപ്പെടുത്താനാവില്ല. കേരളനസ്രാണിക്കത്തോലിക്കൻ ഇന്നും ഉള്ളിൻെറ ഉള്ളിൽ പാശ്ചാത്യ മേൽക്കോയ്മയിൽനിന്ന് മോചനം നേടിയിട്ടില്ല. "ഓം" പ്രാർത്ഥനയിൽ കൂട്ടിച്ചേർത്തതുകൊണ്ടോ കാവിവസ്ത്രം ധരിച്ചതുകൊണ്ടോ കുന്തിരിക്കം പുകച്ചതുകൊണ്ടോ മറവിരി തൂക്കിയതുകൊണ്ടോ റവ. ഫാദർ ഉപേക്ഷിച്ചു കത്തനാർ ബിരുദം ഉപയോഗിച്ചതുകൊണ്ടോ കുടിയൊഴിഞ്ഞുപോകുന്നതല്ല കൊളോണിയൽ വിധേയത്വം. നസ്രാണിമനസ്സ് ഇപ്പോഴും സായ്പിനെ കാണുമ്പോൾ കവാത്തു മറക്കുന്നു. സായ്പ് വരുന്നതു തങ്ങളെ നന്നാക്കാനല്ല, നശിപ്പിക്കാനാണ് എന്നു അനുഭവിച്ചറിഞ്ഞിട്ടും അവർ ചരിത്രപാഠങ്ങൾ ഉൾക്കൊള്ളുന്നില്ല (9). പതിനാറാം നൂററാണ്ടിൽ പോർത്തുഗീസുകാർ വന്നു, നസ്രാണിസഭ പിളർന്നു; കത്തോലിക്കരും അകത്തോലിക്കേതരരും ഉണ്ടായി. അന്ത്യോക്യർ വന്നു; പാത്രിയാർക്കീസുകാരും ഓർത്തോഡോക്സുകാരും ഉണ്ടായി. സി.എം.എസ്. മിഷണറിമാർ വന്നു; ഓർത്തഡോക്സുകാരും മാർത്തോമ്മാക്കാരും സി. എം. എസുകാരുമുണ്ടായി. ഏററവും ഒടുവിൽ ലിററർജിക്കാര്യത്തിൽ റോമിലെ പൗരസ്ത്യ തിരുസംഘം ഇടപെട്ടു വിധിയും

അന്തിമവിധിയും നൽകി; കേരള നസ്രാണികത്തോലിക്കസഭ വ്യക്തമായ രണ്ടു ചേരികളായി. ഈ വിഭജനം ശാശ്വതീകരിക്കാൻ ഇടവരുത്താതെ മേജർ ആർച്ചു ബിഷപ്പിൻെറ നേതൃത്വത്തിൽ സിനഡും സ്വതന്ത്ര ഭരണക്രമവും അനുവദിച്ച റോം പുതിയൊരു തുടക്കം കുറിച്ചു. പക്ഷേ, ഇതൊരു തുടക്കം മാത്രമാണ്. അധികാര ക്രമീകരണത്തിൽ മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും പൂർണ്ണമായി നടപ്പാക്കേണ്ടിയിരിക്കുന്നു. നസ്രാണിമനസ്സിൽനിന്ന് കൊളോണിയൽ സംസ്കാരം കുടിയൊഴിച്ചുവിടേണ്ടിയിരിക്കുന്നു. മേലാളർ കീഴാളർ ബന്ധം മാർത്തോമ്മായുടെ നിയമത്തിലില്ല. എല്ലാവരും സഹോദരരാണ്. ആ സാഹോദര്യം ഉറപ്പാക്കുന്ന സഭാഭരണക്രമമുണ്ടാകണം. ഈ പ്രക്രിയയെ നിഷ്കോളണീകരണം (decolonisation) എന്നു വിളിക്കാം. നസ്രാണികത്തോലിക്കരുടെ ആത്മദർശനത്തിൽതന്നെ മാററമുണ്ടാകണം. സഭാകൂട്ടായ്മയാണ് സഭയുടെ രൂപം. സഭയിലാണ് ക്രിസ്തു. അവിടെയാണ് അധികാരവും ശക്തിയും കൃപയും. ദൈവമക്കളുടെ സ്വാതന്ത്ര്യമാണ് സഭ നൽകുന്നത്. അവിടത്തെ നിയമങ്ങളുടെ ചാലകശക്തി സ്നേഹമാണ്; ബലപ്രയോഗവും മർദ്ദനവും ശിക്ഷയുമല്ല. ആഗോളസഭയ്ക്കും നമ്മുടെ ദേശീയ സംസ്കൃതിക്കും മഹത്തായ സംഭാവനയാണ് മാർത്തോമ്മയുടെ നിയമത്തിലൂടെ നാം നൽകുക. അത് ഊതിത്തെളിക്കാനുള്ള ഏതു പരിശ്രമവും അധികപ്പററാവുകയില്ല.

## നിഷ്കോളണീകരണം

നിഷ്കോളണീകരണത്തിൻെറ ഭാഗമായി കേരള നസ്രാണി കത്തോലിക്കർ പരിഗണിക്കേണ്ട ഒരു കാര്യം—അത് ഉപരിപ്ലവമെന്നു ചിലർക്കൊക്കെ തോന്നിയേക്കാമെങ്കിലും—അവരുടെ സമുദായനാമമാണ്. സുറിയാനി കത്തോലിക്കർ എന്നാണ് അവർ അറിയപ്പെടുന്നത്. ഈ പേര് മാററിയാലും ഇല്ലെങ്കിലും ഇത് ഒരു വികൃതിപ്പേരാണെന്ന വകതിരിവ് അത്യാവശ്യമാണ്. അതും വിദേശി നൽകിയ മറുപേര്. നസ്രാണികളുടെ പ്രാചീനരേഖകളിലൊന്നും ഈ വികൃതിപ്പേരില്ല. പ്രാചീനമലയാളരേഖകളിലെല്ലാം നസ്രാണികൾ, മാർത്തോമ്മാ നസ്രാണികൾ, മാപ്പിളമാർ എന്നീ പേരുകളേ കാണുന്നുള്ളു. ഡച്ചുകാരാണ് സുറിയാനിക്കാർ എന്ന പേര് സാങ്കേതികാർത്ഥത്തിൽ പ്രചാരത്തിലാക്കിയത്. ലത്തീൻ ആരാധന ഭാഷയായി ഉപയോഗിക്കുന്ന പുതിയ ക്രൈസ്തവരുമായി ഉററസമ്പർക്കത്തിലേർപ്പെടാൻ ജാതിഭ്രമം നിമിത്തം മടിച്ചുനിന്ന പഴയ ക്രൈസ്തവരെ അവരുടെ ആരാധനഭാഷ മുൻനിറുത്തി സുറിയാനിക്കാർ എന്നു വിളിച്ചു. പ്രോട്ടസ്റ്റൻറുകാരായ ബ്രിട്ടീഷുകാർ അവജ്ഞ കലർന്ന ഈ നാമം അത്യുത്സാഹത്തോടെ സമുദായപ്പേരായി ഉപയോഗിച്ചു. അതിന് ബ്രിട്ടീഷ് ഭരണകാലത്ത് ഔദ്യോഗികസ്വഭാവവും വന്നു. സുറിയാനിക്കാരായ കത്തോലിക്കരെ കുറെക്കൂടി അവജ്ഞ കലർത്തി റോമാക്കാർ എന്നാണ് സി. എം. എസ്. മിഷണറിമാരും അവരുമായി സമ്പർക്കത്തിലേർപ്പെട്ട പുത്തൻകൂററുകാരും വിളിച്ചിരുന്നത്. ഈ പേര് കോട്ടയം ഭാഗത്തു മാഞ്ഞുതുടങ്ങിയിട്ട് ഒരു ദശകമാകുന്നതേയുള്ളു. ഇവിടെ ശ്രദ്ധിക്കേണ്ടത് സുറിയാനിക്കാർ, റോമക്കാർ തുടങ്ങിയ വൈദേശികച്ചുവയുള്ള പേരുകളിൽ കലർന്നിരിക്കുന്ന കൊളോണിയൽ മനോഭാവവും അതിൻെറ

പിന്നിലുള്ള കൊളോണിയൽ ലക്ഷ്യങ്ങളുമാണ്. ക്രൈസ്തവ സമൂഹത്തിൻെറ ദേശീയ ബോധം നശിപ്പിക്കാനും ആത്മാവബോധം വികലമാക്കാനും ഇത്തരം സംജ്ഞകൾക്കു കഴിയും എന്നു കൊളോണിയൽ യജമാനന്മാർ മനസ്സിലാക്കി. അവരുടെ തന്ത്രം ഫലിച്ചെന്നുവേണം കരുതാൻ. കേരളത്തിലെ മാർത്തോമ്മാ നസ്രാണിക്കത്തോലിക്കരിൽ ഒരു വിഭാഗമെങ്കിലും അവരുടെ തനിമ തേടി സുറിയാനിയിലെ പഴയ ഗ്രന്ഥങ്ങളിൽ അലഞ്ഞു നടക്കുകയാണല്ലോ. മധ്യപൂർവദേശത്തെ ആശ്രമങ്ങളിൽ അനുഷ്ഠിച്ചിരുന്ന കുർബാനക്രമത്തിൽ നസ്രാണിത്തനിമ തേടുന്ന നിർഭാഗ്യാവസ്ഥ സൃഷ്ടിക്കാൻ സുറിയാനി ക്കത്തോലിക്കർ എന്ന പേരിനു കഴിഞ്ഞു. മററുള്ളവരുടെ കാഴ്ചപ്പാടും അലങ്കോലപ്പെടുത്താൻ കൊളോണിയൽ തന്ത്രം ഉപകരിച്ചു. ഇന്ത്യയുടെ മുൻപ്രധാനമന്ത്രി രാജീവ്ഗാന്ധി തൻെറ സിറിയൻ സന്ദർശനത്തിനിടയിൽ നടത്തിയ പ്രഭാഷണത്തിൽ പറഞ്ഞത് സിറിയയിൽനിന്നു കുടിയേറിപ്പാർത്ത സുറിയാനിക്രിസ്ത്യാനികൾ ദേശീയ ജീവിതത്തിന് വൈവിധ്യം നൽകുന്നു എന്നാണ്!. മഹാകവി കുമാരനാശാനും ഇതേ ആശയം രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് ബോധപൂർവം ബോധവൽക്കരണത്തിലൂടെ ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ പൊതുസമൂഹത്തിൽനിന്നു വ്യതിചലിപ്പിക്കാൻ അകത്തും പുറത്തും ശ്രമം നടക്കുന്നു. ന്യൂനപക്ഷബോധവും തനിമവെറിയും സൃഷ്ടിച്ച് ഓരോ സമുദായത്തിലും അങ്കലാപ്പു സൃഷ്ടിക്കാൻ ശ്രമിക്കുന്നവർ വേഷത്തിലും ഭാഷയിലും ആത്മദർശനത്തിലും മാററങ്ങൾ നിർബന്ധപൂർവം നടപ്പിലാക്കുകയാണ്. നസ്രാണിക്കത്തോലിക്കരുടെ സാമൂഹികജീവിതത്തിൽ ഒരിക്കലും പ്രവേശം നേടാതിരുന്ന സുറിയാനിവാക്കുകൾ ഇപ്പോൾ ചിലരുടെ പുതിയ സ്ഥാപനങ്ങളുടെ പേരുകളായും (ഉദാ: ദനഹാലയം) പെരുന്നാളുകളുടെ മറുപേരുകളായും കടന്നുവരുന്നു. ആടിനെ പട്ടിയെന്നു വിളിച്ചുവിളിച്ച് അവസാനം അതിനെക്കൊണ്ടു കുരപ്പിക്കുന്നതിനുള്ള പരിശ്രമമാണിത്. സുറിയാനിക്കാർ എന്നു സ്വയം മുദ്രകുത്തി ചിലർ ഇപ്പോൾ സുറിയാനീകരണ ത്തിലൂടെ തനിമ നേടാൻ ശ്രമിക്കുകയാണ്! ഇവിടെ നസ്രാണികളുടെ ആത്മദർശനംപോലും അലങ്കോലപ്പെടുന്നു. ഇവർ ഇപ്പോൾ സുറിയാനി ക്കാരാണ് തങ്ങൾ എന്നും തങ്ങളുടെ പൈതൃകം സുറിയാനി ഗ്രന്ഥങ്ങളിലാണ് തേടേണ്ടതെന്നും സമ്മതം മൂളുന്ന ഘട്ടത്തിലാണ്. പുതിയ കാനോൻ നിയമത്തിൽ കേരള നസ്രാണിക്കത്തോലിക്കരെ കൽദായപാരമ്പര്യത്തിൽപ്പെട്ട സഭയായി എഴുതിച്ചേർത്തതിൽ പണ്ഡിതനായ കർദ്ദിനാൾ പാറേക്കാട്ടിലിനും അനേകം വൈദിക സെമിനാരി പ്രൊഫസറന്മാർക്കും മനസ്സറിവുണ്ടായിരു ന്നിരിക്കണം. നാമെങ്ങനെ കൽദായരാകും എന്നു ചോദിക്കാൻകൂടി കഴിയാതെ അവർ കൊളോണിയൽ മാസ്മര പ്രഭാവത്തിലായിപ്പോയി. സുറിയാനി പ്പുസ്തകത്തിൽ കാണുന്നതെല്ലാം ഒററയടിക്കു നമ്മുടെ പൈതൃകമാക്കി മാററിയ കൊളോണിയൽ തന്ത്രത്തിൻെറ കരുത്ത് ഇനിയെങ്കിലും മനസ്സിലാക്കി നസ്രാണികൾ നിഷ്കോളണീകരണത്തിന് ഒരുമ്പെടണം. *പുനരുദ്ധാരണമല്ല വേണ്ടത്, തനിമയെക്കുറിച്ചുള്ള ശാസ്ത്രഭദ്രവും തത്ത്വനിഷ്ഠവുമായ പഠനത്തിലൂടെയുള്ള നവീകരണം വേണം.* ചരിത്രഗതിയിൽ തെളിഞ്ഞു നിൽക്കുന്ന തനിമ വളർത്തിയെടുക്കണം. ഒന്നിനെയും ചരിത്രത്തിൽനിന്നു

തുടച്ചുനീക്കാൻ നമുക്കു സാധ്യമല്ല. നസ്രാണി സമുദായചരിത്രത്തിൽ നസ്രാണിയുണ്ട്—നസ്രാണി(=ക്രിസ്ത്യാനി) അറബിവാക്കാണ്. മാർത്തോമ്മാ നസ്രാണിയിലെ, മാർത്തോമ്മാ സുറിയാനിയാണ്. കത്തോലിക്കയിൽ ലത്തീനും ഇംഗ്ലീഷും ചുവയ്ക്കുന്നു. പക്ഷേ, ഇവയെല്ലാം മലയാളത്തിലാണ് കലർന്നിരിക്കുന്നത്. മാർത്തോമ്മാ നസ്രാണി കത്തോലിക്കാ സഭ എന്ന് ഈ സഭയെ പേരുവിളിക്കുന്നതിൽ അപാകതയില്ല. അതിൽ ചരിത്രത്തനിമയും വ്യക്തതയുമുണ്ട്. ഏതായാലും സീറോ മലബാർ സഭ എന്ന ശൂന്യസംജ്ഞയെ ക്കാൾ എന്തുകൊണ്ടും മികച്ചതാണ് ഈ പേര്. ഒരു പൊരുളുമില്ലാത്ത പേടായ പേരാണ് ശൂന്യസംജ്ഞ. സീറോ എന്നു കേൾക്കുമ്പോൾ സാധാരണക്കാരനു ണ്ടാകുന്നതും 'ശൂന്യാ'ർത്ഥമാണല്ലോ.

## സത്യത്തെ മറയ്ക്കുന്ന നിശ്ശബ്ദത

വിശ്വാസവും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും അതിൻെറ ഫലമായുണ്ടാകുന്ന സഭാവ്യക്തിത്വക്കുറിച്ചും വിസ്തരിച്ചെഴുതിയ ഒരു നസ്രാണി സഭാ മേലദ്ധ്യക്ഷൻ അദ്ദേഹത്തിൻെറ ലേഖനത്തിൽ പറയുന്നത് ആരാധന ക്രമത്തിലും ആധ്യാത്മികതയിലും ദൈവശാസ്ത്രത്തിലുമാണ് അങ്ങനെയു ണ്ടാകുന്ന തനിമ പ്രകടമാകുക എന്നാണ്. ഈ പ്രസ്താവത്തിൽ പതിയിരിക്കുന്ന അപകടമാണ് മാർത്തോമ്മായുടെ നിയമം ഇന്നു നേരിടുന്ന ഗംഭീര വെല്ലുവിളി. ഇവിടെ ഭരണക്രമത്തെക്കുറിച്ച് ഒരക്ഷരം മിണ്ടുന്നില്ല. നസ്രാണി സമുദായത്തിന് സ്വന്തമെന്ന് ആഗോള ക്രൈസ്തവസമൂഹത്തിൽ അവകാശപ്പെടാനുള്ളതു റിപ്പബ്ലിക്കൻ ഭരണക്രമമാണ് എന്നിരിക്കെ ഇക്കാര്യത്തെക്കുറിച്ചു പാലിക്കുന്ന നിശ്ശബ്ദത സജീവശ്രദ്ധ അർഹിക്കുന്നു. എല്ലാ അധികാരസ്ഥരും സന്യാസസഭകളിലെ പല വൈദികചരിത്രകാരന്മാരും മലപോലെ വളർന്നു നിൽക്കുന്ന ഈ ചരിത്രസത്യത്തെ നിശ്ശബ്ദതയിൽ മറച്ചുകളയാം എന്നു കരുതുകയാണ്. ഈ തന്ത്രം അത്യന്തം വിജയകരമായി നസ്രാണിസഭയിൽ ആദ്യം പരീക്ഷിച്ചത് ഫ്രാൻസീസ് റോസ് എന്ന മെത്രാനാണ്. ഉദയംപേരൂർ സൂനഹദോസിനുശേഷമുണ്ടായ ലത്തീൻ പാരമ്പര്യക്കാരനായ ഈ മെത്രാൻ 1606 -ൽ നടപ്പിലാക്കിയ നടപടിക്രമം വായിച്ചുപോകുമ്പോൾ മൗനം എങ്ങനെ ഫലപ്രദമായ അടിച്ചമർത്തലാകാം എന്നു മനസ്സിലാകും. നസ്രാണി സഭയുടെ നടപടിക്രമമാണിത്. ഇതിൽ മെത്രാൻെറയും വികാരിയുടെയും അധികാരാ വകാശങ്ങൾ ദീർഘദീർഘമായി പ്രതിപാദിക്കുന്നു. സഭയുടെ തലവനായ അർക്കദിയാക്കോൻെറ അധികാരത്തെക്കുറിച്ചു മാന്യമായ പരാമർശങ്ങളേ ഇല്ല. മലങ്കര പള്ളിയോഗത്തെക്കുറിച്ചും ഒരക്ഷരം മിണ്ടുന്നില്ല. അർത്ഥഗർഭമായ ഈ മൗനത്തിൻെറ ഇടനാഴിയിലൂടെയാണ് കേരളനസ്രാണി റിപ്പബ്ലിക്കിലേക്ക് പാശ്ചാത്യമാതൃകയിലുള്ള രാജകീയ മെത്രാൻ ഭരണം കടന്നുകയറിയത്. റോസ് മെത്രാൻെറ കാലംമുതൽ മെത്രാന്മാരുമായി ഏററുമുട്ടി സമുദായ നേതാവായ അർക്കദ്യാക്കോനും പള്ളിയോഗവും അനുഭവിച്ച ചേതങ്ങളുടെ കണക്ക് ഇവിടെ ഓർമ്മിക്കുക. പുതിയ സിനഡും മേജർ ആർച്ചുബിഷപ്പ് സ്ഥാനവും സ്വതന്ത്രപദവിയും നസ്രാണിസഭയ്ക്കു ലഭിക്കുന്ന ഈ ചരിത്രമുഹൂർത്തത്തിൽ മാർത്തോമ്മായുടെ നിയമത്തെക്കുറിച്ചും തനിമയാർന്ന ഭരണക്രമത്തെക്കുറിച്ചും

മൗനമാണ് ഉണ്ടാകുന്നതെങ്കിൽ സമുദായം നിഷ്കോളണീകരണത്തിൻെറ പാതയിലല്ല. ഇതു സഭ മുഴുവൻ ജാഗ്രതയോടെ പരിഗണിക്കേണ്ട കാര്യമാണ്.

## കേന്ദ്രസംവിധാനങ്ങൾ

മാർത്തോമ്മയുടെ നിയമം പ്രാവർത്തികമാക്കാൻ ശ്രമിക്കുമ്പോൾ ആദ്യം ചെയ്യേണ്ടത് മാർത്തോമ്മാ നസ്രാണി കത്തോലിക്കാ സഭയുടെ ഐക്യം ഊട്ടിയുറപ്പിക്കാൻ കേന്ദ്രീകൃത സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയാണ്. എല്ലാ പള്ളികൾക്കും തെരഞ്ഞെടുക്കപ്പെട്ട തങ്ങളുടെ പ്രതിനിധികളിലൂടെയോ, പ്രതിനിധികളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെയോ, സജീവ പങ്കാളിത്തം ലഭിക്കുന്ന ഒരു സമിതി ഉണ്ടാകണം. നസ്രാണി സഭയെ സംബന്ധിച്ച മൗലിക തീരുമാനങ്ങളെല്ലാം അന്തിമമായി പരിഗണിക്കാനുള്ള അവകാശം ഈ സമിതിക്കുണ്ടായിരിക്കണം. സവിശേഷമായ ആത്മീയാധികാരമുള്ള മെത്രാന്മാരടങ്ങുന്ന സിനഡും മേജർ ആർച്ചുബിഷപ്പും മേല്പറഞ്ഞ സമിതിയോടു വിശദീകരണം നൽകാൻ ബാധ്യസ്ഥരായിരിക്കും. സഭാ മാനേജിംഗ് കൗൺസിലും വേണം. ഇതായിരുന്നു മലങ്കര പള്ളിയോഗത്തിൻെറ ചൈതന്യം. സഭയുടെ, സാമ്പത്തികമായ ഭരണത്തിലുള്ള അതീവരഹസ്യ സ്വഭാവം ഒഴിവാക്കി അക്കാര്യങ്ങൾ ബജററ് രൂപത്തിലോ വരവുചെലവു കണക്കായോ പ്രസ്തുത സമിതിയെ അറിയിക്കണം. വൈദികർക്കും, അല്മായർക്കും ആ സമിതിയിൽ മാന്യമായ പ്രാതിനിധ്യം ഉണ്ടായിരിക്കണം. സന്യാസസഭകൾക്ക്, ഈ സമിതിയോട് നൈയാമികമായ വിധേയത്വം ആവശ്യമാണ്. അവരുടെ പൊന്തിഫിക്കൽ സ്വഭാവവും വ്യക്തിത്വവും മററും സഭാത്മക പ്രവർത്തനത്തിനു വിഘാതമാകാത്ത തരത്തിൽ പുനർവ്യാഖ്യാനം ചെയ്യേണ്ടിവരും. സഭയിലെ മെത്രാന്മാർ നസ്രാണി സഭയുടെ പൊതുമേലന്വേഷകരായിരിക്കണം. ആവശ്യവും അഭിരുചിയും അനുസരിച്ച് അവരെ ഓരോരോ സ്ഥലങ്ങളിൽ നിയോഗിക്കാൻ സഭയ്ക്കു കഴിയണം. ഇതു നസ്രാണിസഭയുടെ ഐക്യത്തിനും വ്യക്തിത്വത്തിനും അത്യാവശ്യമാണ്. ആരാധനക്രമമടക്കമുള്ള കാര്യങ്ങളിൽ സഭയുടെ പൊതുനിശ്ചയപ്രകാരമല്ലാതെ മാററങ്ങൾ ഉണ്ടാകാതിരിക്കാൻ ഇതു മുൻകരുതലാകും.

## മതബോധനം

മതബോധനം ഇന്ന് നസ്രാണി സഭയിൽ വിവിധ ഗ്രൂപ്പുകൾക്ക് മസ്തിഷ്ക പ്രക്ഷാളനത്തിനുള്ള വേദികളായി മാറിയിരിക്കുന്നു. ഇത്തരം കാര്യങ്ങളിലും ഐകരൂപ്യം വരുത്തി നസ്രാണി സഭയുടെ വ്യക്തിത്വം നിലനിറുത്താൻ കേന്ദ്രീകൃത സംവിധാനം കൂടിയേ തീരൂ. ഇത്തരം സംവിധാനങ്ങൾ രൂപീകരിക്കുന്നതിൽ കേരളത്തിലെ മററു നസ്രാണിസഭകളുടെ മാതൃകകൾ പരിഗണിക്കാവുന്നതാണ്. ഓർത്തഡോക്സ് സഭയും മാർത്തോമ്മാ സഭയും തങ്ങളുടെ എപ്പിസ്കോപ്പൽ സ്വഭാവവും റിപ്പബ്ലിക്കൻ സ്വഭാവവും കുറെയെങ്കിലും പൊരുത്തപ്പെടുത്തിക്കൊണ്ടുപോകാൻ ശ്രമിക്കുന്നുണ്ടല്ലോ. മാർത്തോമ്മായുടെ നിയമത്തിൻെറ കരടററ ആവിഷ്കാരങ്ങളാണ് ആ സഭകളിലുള്ളത് എന്ന അഭിപ്രായം ഇതെഴുതുന്ന ആൾക്കില്ല. കേരളീയ ജീവിതത്തെക്കുറിച്ചും ഭരണ

സംവിധാനങ്ങളെക്കുറിച്ചും നല്ല അറിവുള്ള എത്രയോ അല്മായർ നസ്രാണി സമുദായത്തിലുണ്ട്. അവരുമായി കൂടിയാലോചിക്കാനുള്ള സന്നദ്ധതയുണ്ടായാൽ മാർത്തോമ്മായുടെ നിയമം പ്രായോഗികമാക്കാനുള്ള സംവിധാനങ്ങൾ വളരെ വേഗം കരുപ്പിടിപ്പിക്കാവുന്നതാണ്.

## ശാന്തരായിരുന്നു തെററു ചെയ്യരുത്

സഭയുടെ സുസ്ഥിതിക്കും സമുദായ ഐക്യത്തിനും പള്ളിയോഗങ്ങളും അല്മായ പങ്കാളിത്തമുള്ള സമിതികളും അപകടകരമാണ് എന്ന ആശങ്ക പല കേന്ദ്രങ്ങളിലും മുഴങ്ങിക്കേൾക്കാറുണ്ട്. ജനകീയസംവിധാനങ്ങൾ കുററമററവയല്ല. എന്നാൽ അതിനെക്കാൾ ശ്രേഷ്ഠമായ മറെറാരു ഭരണക്രമം ഇന്നോളം വികാസം പ്രാപിച്ചിട്ടില്ല. അതിനാൽ അങ്ങോട്ടു നീങ്ങുകയല്ലാതെ ഗത്യന്തരമില്ല. മാർത്തോമ്മാ നസ്രാണികൾക്കാണെങ്കിൽ അതായിരുന്നു അവരുടെ മാർഗ്ഗവും വഴിപാടും. വേദപുസ്തകവും, ദുർബലരായ മനുഷ്യർ സംവഹിക്കുന്ന ഈശ്വരനിയോഗമായിട്ടാണ് സഭാത്മക പ്രവർത്തനം ചിത്രീകരിച്ചിരിക്കുന്നത്. കാലത്തിൻെറ വെല്ലുവിളി ഏറെറടുത്തു സഭാത്മകപ്രവർത്തനം പുനർക്രമീകരിക്കുന്നതിൽ മാർത്തോമ്മാ നസ്രാണികത്തോലിക്കർക്കുണ്ടായ കാലതാമസം അസുഖകരമായ ലിററർജി വിവാദമായും കുരിശുവഴക്കായും പൊട്ടിയൊലിച്ചു. അതിനുള്ള ചികിത്സ സഭയുടെ കൂട്ടായ്മ വ്യവസ്ഥാപിതമായി പുനഃസ്ഥാപിക്കുക എന്നതാണ്. മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും വിശദമായി പരിശോധിച്ചു നിഷ്കോളണീകരണത്തിലൂടെ തങ്ങളുടെ തനിമ പ്രകാശിപ്പിക്കാൻ മാർത്തോമ്മാ നസ്രാണിക്കത്തോലിക്കർ മുന്നിട്ടിറങ്ങട്ടെ. ആർച്ചു ബിഷപ്പ് മാർ ജോസഫ് പവ്വത്തിലിൻെറ ഒരു പ്രസ്താവം ഇവിടെ ഓർമിക്കാവുന്നതാണ്.

'ചിലപ്പോൾ നാം ശാന്തരായിരുന്നുകൊണ്ടുതന്നെ തെററു ചെയ്യുകയാണ്. ചാൾസ് ഡിക്കൻസിൻെറ ഒരു നോവലിൽ ഒരു ഓർഫണേജിലെ ഒലിവർ ടിസ്ററ് എന്ന ബാലൻ അവിടത്തെ ശാന്തത ഭഞ്ജിക്കുന്നതു നാം വായിക്കുന്നുണ്ട്. മതിയായ ഭക്ഷണം കൊടുക്കാതിരുന്നപ്പോൾ അനാഥാലയത്തിലെ അന്തേവാസികളൊക്കെ നിശ്ശബ്ദരായിരുന്നതേയുള്ളു. പുറമേ, അവിടെ എല്ലാം ഭദ്രമായിരുന്നു. എന്നാൽ ഒരു ദിവസം വിശന്നു തളർന്ന ഒലിവർ ടിസ്റ്റ് തനിക്കു തന്ന ഭക്ഷണം മതിയാകാതെ വന്നപ്പോൾ I want more—എനിക്ക് കുറേക്കൂടി വേണം എന്നു പറഞ്ഞത് അവിടെ വലിയ ഒരു പ്രക്ഷോഭമായിപ്പോയി. ഏതാണ്ടിതുപോലെയാണിവിടെയും സംഭവിച്ചത്. സീറോ മലബാർ സഭയുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുക മാത്രമാണ് നാം ചെയ്തത്. സഭയുടെ അവകാശങ്ങൾ പൂർവിക പരിശുദ്ധി നേടിയെടുക്കേണ്ടതു നമ്മുടെ ലക്ഷ്യമായിരിക്കണം.' (കതിരൊളി, ഒക്ടോബർ 1991, ചങ്ങനാശ്ശേരി പുറം 12-13.)

## അടിക്കുറിപ്പുകൾ

1 സാമൂഹികമായോ സാമ്പത്തികമായോ ക്ലേശിക്കുന്ന മിക്ക കുടുംബങ്ങളിലും സമൂഹങ്ങളിലും മുഴങ്ങിക്കേൾക്കുന്ന ഒരു പല്ലവിയുണ്ട്: 'പണ്ടു പണ്ടു നമുക്ക്

നല്ല നിലയായിരുന്നു; ദാ, ഈ കൊള്ളരുതാത്തവന്മാരെല്ലാം കടന്നുകയറിവന്നു നമ്മെ കബളിപ്പിച്ചു നശിപ്പിച്ചതാണ്.' മററുള്ളവരിൽ പഴിചാരി സ്വന്തം ദൗർബല്യങ്ങൾ മറച്ചുപിടിക്കുന്ന ഈ മനോഭാവം വർഗ്ഗീയജ്വരമായും ഹിംസയായും വളരുന്നതു കേരളത്തിലും ഭാരതത്തിലും മാത്രമല്ല വികസിത രാജ്യങ്ങളിൽപോലും കാണാവുന്നതാണ്. ജർമ്മനിയിലെ നവനാസികൾ ജർമ്മൻ വംശജരല്ലാത്ത സഹപൗരന്മാരെ ചൂണ്ടി ഇതു പറയുന്നതു ശ്രദ്ധിക്കുക.

2 Podipara, Placid J — The Thomas Christians,
1970 — Darton,Longmann and
Todd- London

3 എന്താണ് പമ്പാനദിയുടെ തനിമ എന്ന് ആരെങ്കിലും ചോദിക്കുന്നു എന്നു കരുതുക. ഋതുഭേദങ്ങളും ദേശഭേദങ്ങളും അവഗണിച്ചുകൊണ്ടു വെറുമൊരു നിശ്ചലവസ്തുവായി നദിയെ അവതരിപ്പിക്കാനാവില്ല. ഋതുഭേദങ്ങളും ദേശഭേദങ്ങളും അംഗീകരിച്ചുകൊണ്ട് അവയെ അതിവർത്തിക്കുന്ന പ്രതിഭാസമായി നദിയുടെ വ്യക്തിത്വം കണ്ടെത്തേണ്ടിവരുന്നു. ചരിത്രഗതിയിൽ പ്രകാശിതമാകുന്ന സമുദായത്തനിമയും ഇതുപോലെ കണ്ടെത്തണം!. നദിയുടെ സ്വത്വവും വ്യക്തിയുടെ സ്വത്വവും തമ്മിലുള്ള താരതമ്യവിചാരത്തിൽ ഹെർമ്മൻ ഹെസ്സേയുടെ സിദ്ധാർത്ഥ എന്ന നോവലിലേക്കു കടന്നു ചെല്ലാവുന്നതാണ്.

4 മതസമൂഹങ്ങളിൽ ലിഖിതനിയമങ്ങൾ യാന്ത്രികമായി ഉപയോഗിക്കുന്നതിൻെറ അപകടം നമ്മെ ബോധ്യപ്പെടുത്താൻ ഗലീലിയോ സംഭവം മാത്രം മതി. അന്നത്തെ പാശ്ചാത്യ റോമൻ സഭയുടെ കാനോനിക ഭരണം എത്രത്തോളം അന്ധവും ഹിംസാത്മകവുമായിപ്പോയി എന്ന് ഇന്നത്തെ മാർപ്പാപ്പ മനസ്സിലാക്കുന്നു. അന്നത്തെ ബൈബിൾ പണ്ഡിതന്മാരെക്കാൾ തത്ത്വനിഷ്ഠമായി ബൈബിൾ മനസ്സിലാക്കിയത് ഗലീലിയോ ആയിരുന്നു എന്ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഖേദപൂർവ്വം പ്രസ്താവിക്കയുണ്ടായി. ഗലീലിയോ സംഭവം ഇന്ന് ആവർത്തിക്കപ്പെടുന്നില്ലേ? നസ്രാണിക്കത്തോലിക്ക സഭയിൽ ഇക്കഴിഞ്ഞ വർഷങ്ങളിൽ നടന്ന ലിററർജി വിവാദത്തിന് ഇരയായി അടിച്ചമർത്തപ്പെട്ടവരെയും അവഗണിക്കപ്പെട്ടവരെയും സഭാവിരുദ്ധരെന്നു മുദ്രകുത്തപ്പെട്ടവരെയും കുറിച്ചു മാപ്പു പ്രസ്താവനകൾ ഉണ്ടാകാൻ ഏതായാലും നൂററാണ്ടുകൾ വേണ്ടിവരില്ല! ഇപ്പറഞ്ഞ 'ഗലീലിയോ ഫാക്ടർ' പരിഗണിക്കുമ്പോൾ നസ്രാണികളുടെ മാർത്തോമ്മാ നിയമത്തിൻെറ ശ്രേഷ്ഠത കൂടുതൽ തെളിഞ്ഞുകാണാം.

5 റവ.ഡോ. സേവ്യർ കൂടപ്പുഴയുടെ മിക്ക ചരിത്രഗ്രന്ഥങ്ങളിലും ഇക്കാര്യം എടുത്തു പറഞ്ഞിട്ടുണ്ട്. താഴെ സൂചിപ്പിക്കുന്ന ലേഖനം പ്രത്യേക പരാമർശം അർഹിക്കുന്നു.

Koodapuzha, Xavier — The Ecclesiology of
1985 — the Thomas Christians,
Ecclesial identity of
the Thomas Christians,
Oriental Institute, Kottayam.

ഈ ലേഖനത്തിൽ മാർത്തോമ്മാ നസ്രാണികളുടെ തനിമയാർന്ന ഭരണക്രമത്തിൻെറ പ്രചോദനം അപ്പോസ്തലരുടെ പ്രവർത്തനത്തിൽനിന്നാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

അപ്പോസ്തലരുടെ പ്രവർത്തനങ്ങൾ 6:1-6

'ആ ദിവസങ്ങളിൽ ശിഷ്യരുടെ എണ്ണം വർധിച്ചുകൊണ്ടിരുന്നു. അപ്പോൾ ദിവസം തോറുമുള്ള വിഭവവിതരണത്തിൽ തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നു എന്ന് ഗ്രീക്കുകാർ എബ്രായർക്കെതിരെ പിറുപിറുത്തു. അതുകൊണ്ട്, ആ പന്ത്രണ്ടുപേർ ശിഷ്യസമൂഹത്തെ വിളിച്ചുകൂട്ടി പറഞ്ഞു: "ഞങ്ങൾ ദൈവവചനപ്രഘോഷണം ഉപേക്ഷിച്ചു ഭക്ഷണവിതരണത്തിൽ ഏർപ്പെടുന്നതു ശരിയല്ല. അതിനാൽ സഹോദരരേ, നിങ്ങളുടെ ഇടയിൽനിന്നു സമ്മതരും വിജ്ഞാനവും ആത്മാവും നിറഞ്ഞവരുമായ ഏഴുപേരെ തിരഞ്ഞെടുക്കുക. അവരെ ഞങ്ങൾ ഈ ജോലിക്കായി നിയോഗിക്കാം. ഞങ്ങളാകട്ടെ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഏകാഗ്രചിത്തരായി ഇരുന്നുകൊള്ളാം." അവർ പറഞ്ഞത് എല്ലാവർക്കും ഇഷ്ടപ്പെട്ടു.'

ഇങ്ങനെ പറയാനും ചെയ്യാനും കഴിഞ്ഞാലല്ലാതെ മാർത്തോമ്മായുടെ നിയമത്തിൻെറ ചൈതന്യം നസ്രാണിക്കത്തോലിക്കാ സമുദായത്തിൽ പുനരവതരിപ്പിക്കാൻ സാധിക്കുകയില്ല. മററു മാർത്തോമ്മാ നസ്രാണി സമുദായങ്ങൾ എങ്ങനെ കാലോചിതമായി ഈ ഭരണക്രമം നടപ്പിലാക്കിയിരിക്കുന്നു എന്നുകൂടി ഡോ. സേവ്യർ കൂടപ്പുഴയുടെ ലേഖനത്തിൽ വിവരിക്കുന്നുണ്ട്.

| | | |
|---|---|---|
| 6 | Thazhath, Andrews<br>1987 | The Juridical Sources<br>Of the Syro Malabar<br>Church, Paurasthya<br>Vidyapitam, Kottayam<br>P 1-62 |

മാർത്തോമ്മായുടെ നിയമത്തെക്കുറിച്ചുള്ള ശാസ്ത്രീയവും വിശദവുമായ പരാമർശം ഇവിടെ വായിക്കാം. എങ്കിലും കൽദായബന്ധത്തെക്കുറിച്ചുള്ള അതിശയോക്തിപരമായ പൂർവധാരണ അങ്ങിങ്ങ് മൂടുപടലങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്ന കാര്യം മറക്കുന്നില്ല. പ്ലാസിഡ് പാരമ്പര്യത്തിൻെറ പൊതുദൗർബല്യമാണിത്. നസ്രാണിസഭയുടെ പൗരസ്ത്യ തനിമ വാദിച്ചുറപ്പിക്കാൻ ഏതാനും ദശകങ്ങൾക്കു മുമ്പ് സാഹസികമായി ഇറങ്ങിപ്പുറപ്പെട്ട ഫാദർ പ്ലാസിഡിന് ഒരു പ്രായോഗികതന്ത്രമെന്നനിലയിൽ കൽദായകുടുംബത്തിൽ ചേർന്നു നിന്നു കൊണ്ട് ആശയസമരം നടത്തേണ്ടിവന്നിരിക്കും. അല്ലെങ്കിൽ ശീശ്മയും വിഘടനവാദവുമായി അതു മുദ്രകുത്തപ്പെടുമായിരുന്നു. കൽദായബന്ധം ഒരു കടുംപിടുത്തമായും മാർത്തോമ്മാനസ്രാണി സമുദായത്തിൻെറ തനിമയുടെ അടിത്തറയായും അവതരിച്ചത് അദ്ദേഹത്തിൻെറ ശിഷ്യന്മാരുടെ പ്രഭാവ കാലത്താണ്. കൽദായബന്ധം നിശ്ശേഷം അവഗണിക്കാതെ അർഹിക്കുന്നിടത്തോളം മാത്രം അതിന് പ്രാധാന്യം കല്പിക്കുന്നതാകും വിവേകം.

7 ആരാധനക്രമമാണ് മാർത്തോമ്മാ നസ്രാണിയുടെ ഐഡൻറിററിക്ക് അടിത്തറ എന്നു വാദിക്കുന്ന പലരും മറന്നുപോകുന്ന ചരിത്രസത്യമാണിത്. ഡോ. സേവ്യർ കൂടപ്പുഴ(1985:81) എഴുതുന്നു: "This community which gradually came to be known as the Jacobites, preserved some of their ecclesial traditions though on the whole they gave up their own liturgy and adopted the West Syrian one. Because of this they are called Puthenkuttukar(the new party). Among them also Palliyogam plays a very decisive role." കൽദായ ആരാധനാക്രമം 1665 മുതൽ ഉപേക്ഷിച്ചുകളഞ്ഞിട്ടും അവരുടെ നസ്രാണിത്തനിമ നിലനിന്നു, അതു പള്ളിയോഗസമ്പ്രദായത്തിലൂടെയാണ്. ഈ ചരിത്രപാഠം നൽകുന്ന സന്ദേശം വ്യാഖ്യാനിച്ചു വെളിവാക്കേണ്ടതില്ല.

8 ചരിത്രത്തിൽ മായം ചേർക്കാൻ ചിലർ മലങ്കര കത്തോലിക്കാസഭയെ മറയാക്കാറുണ്ട്. അവർ വികാരഭരിതരായി പറയും: 'നോക്കൂ, മാർത്തോമ്മാശ്ലീഹായിൽ നിന്നുള്ള ശ്ലൈഹികപാരമ്പര്യം അനുസ്യൂതം നിലനിറുത്തിയ തനിമയുള്ള സഭയാണ് സീറോമലങ്കരസഭ.' മാർത്തോമ്മായുടെ 'മാർഗ്ഗവും വഴിപാടുമാണ്' ശ്ലൈഹിക പാരമ്പര്യത്തിൻെറ മാനദണ്ഡമെങ്കിൽ ചരിത്രഗതിയിൽ ഏറ്റവും കൂടുതൽ വ്യതിയാനങ്ങൾക്ക് വിധേയമായ സഭയാണ് കത്തോലിക്കാ മലങ്കര സഭ (റീത്ത്). പള്ളിയിൽ കേൾക്കുന്ന ഭാഷയിലെ സുറിയാനിച്ചുവയോ മെത്രാൻെറ ശിരോവസ്ത്രമോ അല്ല നസ്രാണിത്തനിമ. കൽദായ ആരാധനക്രമമോ തനിമയാർന്ന ഭരണക്രമമോ ഇവയിൽ ഏതാണ് നസ്രാണിത്തനിമയുടെ അടിത്തറ എന്നതിലേ ചരിത്രകാരന്മാർക്കും സഭാവിജ്ഞാനികൾക്കും തർക്കമുള്ളു. ഇവയിൽ ഏത് അടിത്തറയായി സങ്കല്പിച്ചാലും മലങ്കരസഭയ്ക്കു അതു നഷ്ടമായിപ്പോയി എന്നു പറയേണ്ടിവരും. 8-ാം നമ്പർ അടിക്കുറിപ്പിൽ ഡോ. സേവ്യർ കൂടപ്പുഴയെ ഉദ്ധരിച്ചുകൊണ്ട് വ്യക്തമാക്കിയതുപോലെ കൽദായ ആരാധനക്രമം അവർ പണ്ടുപണ്ടേ വച്ചൊഴിഞ്ഞു.അങ്ങനെയാണ് അവർ പുത്തൻകൂറ്റുകാരായത്. പിന്നീട് മാർ ഇവാനിയോസിൻെറ കാലത്തു റോമുമായി പുനരൈക്യപ്പെട്ടപ്പോൾ തനിമയാർന്ന ഭരണക്രമംകൂടി ഉപേക്ഷിച്ചുകളഞ്ഞു. അങ്ങനെ നസ്രാണിത്തനിമയുടെ രണ്ടു മൗലിക ഘടകങ്ങൾ ചരിത്രഗതിയിൽ ഉപേക്ഷിക്കേണ്ടിവന്ന ഒരു സഭയെ ചൂണ്ടിക്കാട്ടി ഇതാണ് അനുകരണീയമായ നസ്രാണി മാതൃക എന്നു പറയുന്നതിലെ തന്ത്രം ശ്രദ്ധേയമാണ്. മലങ്കര കത്തോലിക്കർക്ക് പൗരസ്ത്യമെന്നു പറയാൻ ഇന്നുള്ളത് മുമ്പു സൂചിപ്പിച്ചു മൗലികഘടകങ്ങളെ അപേക്ഷിച്ച് അപ്രധാനങ്ങളായ ചില കാര്യങ്ങൾ മാത്രമാണ്. അവ ഉയർത്തിപ്പിടിക്കുക, പാശ്ചാത്യ സഭയിലെ അധികാരസംവിധാനം നിലനിറുത്തുക—ഇതാണ് തന്ത്രമെന്നു തോന്നുന്നു. മലങ്കര സഭയിലെ മെത്രാന് സന്യാസവേഷമുണ്ട്. റോമൻ സഭയിലെ രാജകീയ മെത്രാൻ പദവിയുടെ സർവതന്ത്രസ്വതന്ത്രമായ അധികാരമുണ്ട്. ഇവ ഇണച്ചുകെട്ടി കൊണ്ടുപോകുന്നത് അധികാരസ്ഥർക്കു സൗകര്യപ്രദമാണ്. എഴുപത്തഞ്ചാം വയസ്സിൽ മെത്രാപ്പോലീത്ത രാജി സമർപ്പിക്കണം എന്നു പറയുമ്പോൾ ഇതു പൗരസ്ത്യസഭയിലെ വഴക്കമല്ല എന്നും കോടിക്കണക്കിനുള്ള സ്വത്തുക്കൾ വീട്ടുമുതൽപോലെ കൈകാര്യം ചെയ്യുന്നതു ശരിയാണോ എന്നു ചോദിക്കു

മ്പോൾ അതു കത്തോലിക്കാസഭയിലെ ദൈവനിശ്ചയമനുസരിച്ചുള്ള ക്രമീകരണമാണ് എന്നും പറയുന്നതാണ് 'അനുസ്യൂതമായ ശ്ലൈഹിക പാരമ്പര്യം' എന്നു സ്വന്തം സഭയിൽപ്പെട്ടവരെ പറഞ്ഞു വിശ്വസിപ്പിക്കാൻ നടത്തുന്ന ശ്രമം നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും നല്ല തമാശയാണ്. ഈ തമാശ മനസ്സിലാക്കാൻ കെല്പില്ലാത്ത മന്ദബുദ്ധികളോ നസ്രാണികൾ?

9 ഒന്നാലോചിച്ചാൽ, സായ്പിനോടു മതപരമായ ബന്ധമുണ്ടായിട്ടുകൂടി പാശ്ചാത്യ മേൽക്കോയ്മയിൽനിന്നു കുതറിച്ചാടി രക്ഷപ്പെടാൻ തുടക്കംമുതൽ ശ്രമിച്ച ഒരു പാരമ്പര്യം നസ്രാണിക്കുണ്ട്. ഉദയംപേരൂർ സൂനഹദോസിനു മുമ്പും പിമ്പുമുള്ള സംഭവങ്ങൾ, കൂനൻകുരിശു സത്യം, നാട്ടുമെത്രാന്മാർക്കു വേണ്ടിയുള്ള പോരാട്ടം, സ്വാതന്ത്ര്യസമരത്തിൽ അല്മായരായ നസ്രാണി നായകർ വഹിച്ച പങ്ക് ഇവയെല്ലാം ഇവിടെ ഓർമിക്കാം. എങ്കിലും നാട്ടു മെത്രാന്മാരെ ലഭിച്ചതുമുതൽ ഈ പ്രതിരോധബുദ്ധി കുറഞ്ഞുവരികയാണ്.

## മറെറാരു കാര്യം:

സായ്പിനോടു കാണിക്കുന്ന വിധേയത്വം നസ്രാണികളുടെ കുത്തകയൊന്നുമല്ല. ബ്രിട്ടീഷുകാരോടു പടവെട്ടി വീരസ്വർഗം പൂകിയ പഴശ്ശി കേരളവർമ പോലും തലശ്ശേരിയിലെ ബ്രിട്ടിഷ് അധികാരിക്ക് എഴുതുന്ന കത്തുകളിൽ ഇങ്ങനെ ഒരു പല്ലവി ചേർക്കുന്നു:

'സായ്പ അവർകൾ ബുദ്ധിയുള്ളവരല്ലോ ആകുന്നു. കൊ.വ. 972 ധനു 5- എ.ഡി. 1796 ഡിസംബർ 17-ന് പഴശ്ശി രാജ അയച്ച കത്തിൽനിന്ന്, ട്യൂബിങ്ങൻ സർവകലാശാലയിൽ സൂക്ഷിച്ചിരിക്കുന്ന തലശ്ശേരി രേഖകൾ. മാർത്തോമ്മ നസ്രാണി കത്തോലിക്ക സഭയിലെ ആരാധനക്രമത്തെക്കുറിച്ചുള്ള അന്തിമവിധി റോമിലെ പൗരസ്ത്യ തിരുസംഘത്തിലിരിക്കുന്ന സായ്പന്മാരിൽനിന്നു ലഭിച്ചാലേ ശരിയാകൂ എന്നു ശഠിക്കുന്നവർ ഇതേ പല്ലവി ആവർത്തിക്കുകയാണ്.

11. സക്കറിയ, സ്കറിയാ 1976; രണ്ടു പ്രാചീന ഗദ്യകൃതികൾ, ചങ്ങനാശ്ശേരി പുറം 1, 111, 140 കാണുക.

ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളുടെയും (1599) റോസ് മെത്രാൻെറ നിയമാവലിയുടെയും (1606) പ്രാരംഭത്തിൽ ഔദ്യോഗികമായി മാർത്തോമ്മാ നസ്രാണികൾ എന്ന പേരാണ് ഉപയോഗിച്ചിരിക്കുന്നത്.

# മാർത്തോമ്മാ നിയമമനുസരിച്ചുള്ള സഭാഘടനയെക്കുറിച്ച്

## ഡോ. കൂടപ്പുഴ

(ഭാരതസഭാ ചരിത്രം ഒന്നാം പതിപ്പിൽനിന്നും)

"മാർത്തോമ്മാക്രിസ്ത്യാനികൾ തനതായൊരു ജീവിതശൈലി വളർത്തിയെടുത്തിരുന്നു. ക്രൈസ്തവവിശ്വാസവും ഇന്നാട്ടിലെ സംസ്കാരവും സമഞ്ജസമായി സമരസപ്പെടുത്തിക്കൊണ്ടുള്ള ഒന്നാണിത്. ഹൈന്ദവർക്ക് ഭൂരിപക്ഷമുണ്ടായിരുന്ന ഒരു സമൂഹത്തിൽ തങ്ങളുടേതായ മതവിശ്വാസവും സഭാപാരമ്പര്യങ്ങളും കോട്ടം കൂടാതെ പരിപാലിക്കുവാനും മറ്റുള്ളവരുടെ ബഹുമാനാദരവുകൾക്ക് അർഹരാകാനും സാധിച്ചിരുന്നു". (പേജ്-273)

"വൈദികർ രൂപതയ്ക്ക് വേണ്ടിയല്ല ഇടവകയ്ക്കുവേണ്ടിയാണ് പട്ടമേറ്റിരുന്നത്. വിവാഹജീവിതം നയിക്കുന്നവർക്കും വൈദികപട്ടം നൽകിയിരുന്നു.(പേജ് 278)

ഇടവക പ്രതിനിധികൾ ദേശക്കുറി നൽകിയാണ് വൈദികാർത്ഥിയെ മെത്രാൻെറ അടുത്ത് പട്ടമേൽക്കാൻ അയച്ചിരുന്നത്. (പേജ് 278)

## പള്ളിയോഗം

"പള്ളിയുടെ ഭരണം നടത്തിയിരുന്നത് പള്ളിയോഗമാണ്. കുടുംബത്തലവന്മാരും തദ്ദേശവൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തേയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവക വൈദികരിൽ പ്രായംചെന്ന ആളാണ് പള്ളിയോഗത്തിൻെറ അദ്ധ്യക്ഷൻ. അദ്ദേഹംതന്നെയാണ് പള്ളിയിലെ മതകർമ്മാനുഷ്ഠാനങ്ങൾ നിയന്ത്രിച്ചിരുന്നതും. പള്ളിയോഗം പള്ളിയുടെ ഭൗതിക സ്വത്തുക്കളുടെ മാത്രമല്ല ഇടവകയിലെ ക്രിസ്തീയജീവിതം മുഴുവൻേറയും മേലന്വേഷണം വഹിച്ചിരുന്നു. പരസ്യപാപം സംബന്ധിച്ച കേസുകൾ തീരുമാനിച്ചിരുന്നത് ഈ യോഗമാണ്. സഭാസമൂഹത്തിൽനിന്ന് തല്ക്കാലത്തേക്ക് പുറന്തള്ളുവാൻ അധികാരവും യോഗത്തിനുണ്ടായിരുന്നു.

## പല പള്ളികൾ ചേർന്നുള്ള പൊതുയോഗം

പ്രാദേശിക താല്പര്യമുള്ള വിഷയങ്ങളെപ്പറ്റി പല ഇടവകകളുടെ പ്രതിപുരുഷന്മാർ ഒരുമിച്ചുകൂടി തീരുമാനമെടുത്തിരുന്നു. പൊതു താല്പര്യമുള്ള കാര്യങ്ങൾ എല്ലാ ഇടവകകളിലെയും പ്രതിനിധികൾ ഒരുമിച്ചുകൂടിയാണ് തീരുമാനിച്ചിരുന്നത്. അകത്തോലിക്കരുടെ ഇടയിൽ ഈ സമ്പ്രദായം ഇന്നും പ്രാബല്യത്തിലുണ്ട്. കത്തോലിക്കരുടെയിടയിൽ ലത്തീൻ സ്വാധീനംമൂലം 18-ാം നൂറ്റാണ്ടിനുശേഷം ഇതുപേക്ഷിക്കേണ്ടിവന്നു.

ഇവിടത്തെ സഭാഭരണം തികച്ചും ഏതദ്ദേശീയമായിരുന്നു. ആർച്ചുഡീക്കന്മാരും പള്ളിയോഗവുമെല്ലാം ഇവിടത്തെ സംസ്കാരത്തിനും ആചാരത്തിനും യോജിച്ച രീതിയിലുള്ളവായിരുന്നു. വത്തിക്കാൻ കൗൺസിൽ വിഭാവനചെയ്തു നടപ്പിലാക്കുവാൻ ആഗ്രഹിക്കുന്ന 'പാരിഷ്കൗൺസിൽ' പള്ളിയോഗമെന്ന പേരിൽ നമ്മുടെ പൂർവ്വികന്മാർ പണ്ടുമുതൽ നടപ്പിലാക്കിയിരുന്നുവെന്നത് നമുക്ക് അഭിമാനാർഹമാണ്. എന്നാൽ സ്വന്തം

പാരമ്പര്യമറിയാതെ പുതുതായി 'പാരീഷ് കൗൺസിൽ' ഉണ്ടാക്കിയ സ്ഥല ങ്ങളുമുണ്ട്. ചരിത്രത്തിന്റെ നെട്ടോട്ടത്തിൽ നമ്മുടെ അതുല്യവും അമൂല്യ വുമായ പാരമ്പര്യങ്ങൾ പലതും പൊയ്പ്പോയിട്ടുണ്ട്. അവയെ കഴിയുന്നത്ര പുനഃസ്ഥാപിക്കുവാൻ നമുക്കു കടമയുണ്ട്. പല ഇടവകകൾ ചേർന്ന് പൊതു വായി സഭാകാര്യങ്ങൾ ചർച്ചചെയ്തിരുന്ന പൊതുയോഗങ്ങളും പുനർജീവി പ്പിക്കേണ്ടതത്രേ. പാശ്ചാത്യസഭയിൽ 'പാസ്റ്ററൽ കൗൺസിൽ' എന്ന പേരിൽ ഒരു സംവിധാനത്തിനു രൂപംകൊടുത്തതോടെ ഇവിടെയും പാസ്റ്ററൽ കൗൺസിലിന് രൂപംകൊടുത്തിട്ടുണ്ട്. ഈ രംഗത്തും മഹത്തായ പൈതൃക മെന്തെന്നറിയാത്ത സഭാനേതൃത്വം പാശ്ചാത്യരെ അന്ധമായി അനുകരിച്ച് ഇവിടത്തെ അപ്പസ്തോലസഭയെ ബലഹീനയാക്കുകയാണ്. തനതായ പാരമ്പര്യങ്ങളെ ബഹുമാനിക്കാൻ വിജ്ഞാനവും വിശുദ്ധിയും ആവശ്യമത്രേ." (പേജ് 282, 283)

## മെത്രാൻ

"എന്നാൽ മെത്രാൻ ആത്മീയകാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുകയെന്ന തായിരുന്നു മലബാറിലെ രീതി. നസ്രാണികളുടെ ആർച്ചുഡീക്കനായിരുന്നു സഭയുടെ സാമ്പത്തികവും സാമൂഹ്യവും സാമുദായികവും ഭരണപരവുമായ എല്ലാക്കാര്യങ്ങളും നടത്തിപ്പോന്നിരുന്നത്............ എന്നാൽ ഇവിടത്തെ പാരമ്പര്യത്തെ മറികടന്ന് ആത്മീയവും ലൗകികവുമായ എല്ലാക്കാര്യങ്ങളും റോസ് കൈകാര്യം ചെയ്യാൻ തുടങ്ങി. ഇത് റോസിനോടുള്ള ആർച്ചുഡീക്കന്റെ അമർഷം വർദ്ധിപ്പിച്ചു". (പേജ് 296).

"Unfortunately the Church in India from the 16th century inherited foreign tradition of religious authority with a juridical emphasis. The association with the Portuguese marked the beginning of this new tradition which was found in conflict with the 'Law of Thomas'..........The religious authority becomes credible by the integrity of one's life and conduct. Pomp and dominion are alien to the idea of an authentic guru. The Christians in the Indian set up do not want to see their ecclesiastical leaders as administrators but want to see them as real spiritual men who can lead them to God........The particular hierarchial tradition and set up of the St. Thomas Christians have to be appreciated in this Indian context. For them bishops and clergy were not rulers but spiritual men or guru." (Ecclesial Identity of the Thomas Christians: Page 84-85).

**ഡോ. സ്കറിയാ സക്കറിയാ**

1947 മെയ് 15-ന് എടത്വായിൽ ജനിച്ചു. ഊർജതന്ത്രത്തിൽ ബിരുദവും മലയാളത്തിൽ ബിരുദാനന്തരബിരുദവും. 1969 മുതൽ ചങ്ങനാശ്ശേരി എസ്. ബി. കോളജിൽ അദ്ധ്യാപകൻ. ഓശാന മലയാളം ബൈബിളിൻെറ ഭാഷാ എഡിററായിരുന്നു. സ്കൂരം-കോളജ് തലങ്ങളിൽ ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പറായിരുന്നിട്ടുണ്ട്. 1986-ൽ പശ്ചിമജർമ്മനിയിലെ ടൂബിങ്ങൻ സർവ്വകലാശാലയിൽ ഹെർമൻ ഗുണ്ടർട്ടിൻെറ ഗ്രന്ഥശേഖരം കണ്ടെത്തി സൂചിക തയ്യാറാക്കി. രണ്ടു ഗദ്യകൃതികരം, മിലാൻ രേഖകരം, ഡി. സി. ബുക്സ് പ്രസിദ്ധപ്പെടുത്തിയ 1986-ലെയും '87-ലെയും തിരഞ്ഞെടുത്ത കഥകരം (സമ്പാദനം), മലയാളസാഹിത്യവും ക്രിസ്ത്യാനികളും എന്ന ഗ്രന്ഥത്തിന് തയ്യാറാക്കിയ അനുബന്ധം, ഇംഗ്ലീഷിലും മലയാളത്തിലുമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സമാഹാരങ്ങളിൽ ചേർത്തിട്ടുള്ള ഇരുപതോളം പ്രബന്ധങ്ങരം തുടങ്ങിയവയാണ് സാഹിത്യ സംഭാവനകരം.

കേരള സർവ്വകലാശാലയിൽനിന്നും ഡോക്ടറേറ്റ്.